# കാരുണികൻ

Vol.18 No. 01 Jan. 2021

സമഗ്ര ദൈവശാസ്ത്ര മാസിക



## വചനബോധി
## ലത്തീൻ

# വചനബോധി
**ലത്തീൻ**



**പത്രാധിപസമിതി**

- ഫാ.ജോയി ചെഞ്ചേരിൽ (എഡിറ്റർ)
- ഡോ. ലോറൻസ് കുലാസ്
- ഫാ.ജെറിൻ വലിയപറമ്പിൽ
- ഫാ.ചാക്കോ വടക്കേത്തലയ്ക്കൽ


## ഉള്ളടക്കം


**ഫെബ്രുവരി 07 ___ ആണ്ടുവട്ടം 5-ാം ഞായർ**
**Page : 73** ജോബ് 7:1 – 4, 6 – 7; 1 കോറി 9:16 – 19; മർക്കോ 1:29 – 39
- ഡോ. ലോറൻസ് കുലാസ്
- ഫാ. ജോയി. ജെ . കപ്പൂച്ചിൻ

**ഫെബ്രുവരി 14 ___ ആണ്ടുവട്ടം 6-ാം ഞായർ**
**Page : 79** ലേവ്യ 13:1 – 2,44 – 46; 1 കോറി 10:31 – 11:1; മർക്കോ 1:40 – 45
- ഡോ. ലോറൻസ് കുലാസ്
- ഫാ. ഡാനിയേൽ രാജമണി

**ഫെബ്രുവരി 21 ___ തപസ്സുകാലം 1-ാം ഞായർ**
**Page : 84** ഉത്പ 9:8 – 15; 1 പത്രോ 3:18 – 22; മർക്കോ 1:12 – 15
- ഡോ. ലോറൻസ് കുലാസ്
- ഡോ. അഗസ്റ്റിൻ കടേപറമ്പിൽ

**ഫെബ്രുവരി 28 ___ തപസ്സുകാലം 2-ാം ഞായർ**
**Page : 90** ഉത്പ 22:1 – 2,9a – 10 – 13, 15 – 18; റോമ 8:31b-34; മർക്കോ 9:2 – 10
- ഡോ. ലോറൻസ് കുലാസ്
- ഫാ. ഡൈനിഷ് ofm

# ഫെബ്രുവരി 07
# ആണ്ടുവട്ടം 5-ാം ഞായർ

## ഭാഷ്യം

### ജോബ് 7:1-4,6-7;1 കോറി 9:16-19; മർക്കോ 1:29-39

### സന്ദർഭം

മർക്കോസ് എഴുതിയ സുവിശേഷത്തിൽ ആദ്യ അധ്യായത്തിൽ യേശുവിന്റെ ശുശ്രൂഷയുടെ ആരംഭം നാം ദർശിക്കുന്നു. പ്രധാനമായും ഗലീലി കടൽതീരത്തിനടുത്തും കഫർണാമിലുമാണ് ഇത് സംഭവിക്കുന്നത്. ഇവിടെ സുവിശേഷരചനയിലുടനീളം വിവരിക്കപ്പെടുന്ന മുഖ്യഘടകങ്ങൾ കാണാൻ കഴിയും. കടലിലെ വഞ്ചി (1:20); ജനസമൂഹം യേശുവിനെ കാണാൻ അമിതമായും തീവ്രമായും യത്നിക്കുന്നത് (1:32-33), അശുദ്ധാത്മാക്കൾ തങ്ങളെ ഒഴിപ്പിക്കാൻ കഴിവുള്ളവനെ എതിർക്കുന്നത് (1:23-24,34), യേശു ശിഷ്യന്മാരോടൊപ്പം അവരുടെ ഭവനങ്ങളിലേക്ക് പിൻവാങ്ങുന്നത് (1:29), ജനസമൂഹത്തിനടുത്തേക്ക് വരുന്നതിനുമുമ്പ് യേശു പിൻതിരിയുന്നത് (1:12-35).

### സാരം

1. മർക്കോസിന്റെ സുവിശേഷപ്രകാരം യേശുവിന്റെ ആദ്യരോഗശാന്തി ശുശ്രൂഷ സംഭവിക്കുന്നത് ഒരു ഭവനത്തിലാണ്. അവൻ ശിഷ്യരോടൊത്ത് ഭവനത്തിൽ പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോഴാണ് (കാണുക 4:10,34:7-17) ഇത് അരങ്ങേറുന്നത്. ഈ സ്ഥലം പത്രോസിന്റെയും അന്ത്രയോസിന്റെയും വീടാണ്. സൗഖ്യം പ്രാപിച്ച രോഗി പത്രോസിന്റെ അമ്മായിയമ്മയാണ്. ഒരു സൗഖ്യശുശ്രൂഷയുടെ മാതൃകാപരമായ എല്ലാ ഘടകങ്ങളും ഈ സംഭവത്തിൽ ഉൾച്ചേരുന്നുണ്ട്: 1) രോഗവിവരണം, 2) സൗഖ്യത്തിനായുള്ള അഭ്യർത്ഥന, 3) സൗഖ്യം നല്കൽ, 4) രോഗി സൗഖ്യം പ്രാപിച്ചതിന്റെ അടയാളം. സൗഖ്യം നല്കുന്ന പ്രക്രിയയിലെ ചടുലത ഇവിടെ ദൃശ്യമാണ്. പെട്ടെന്നാണ് യേശു രോഗിയെ സുഖപ്പെടുത്തുന്നത്. രോഗി ഉണരുകയും അഥിതികളെ സ്വീകരിക്കുകയും അവർക്കായി ഭക്ഷണം ഒരുക്കുകയും ചെയ്യുന്നു. മേൽ വിവരിച്ച രോഗശാന്തി ശുശ്രൂഷയിൽ രണ്ട് പ്രയോഗങ്ങൾ ശ്രദ്ധേയമാണ്: ഒന്ന്, "അവൻ അവളെ എഴുന്നേൽപ്പിച്ചു." 'എഴുന്നേൽപ്പിച്ചു' എന്ന പദം (ഗ്രീക്ക് - egeiro) യേശുവിന്റെതന്നെ ഉത്ഥാനത്തെ സൂചിപ്പിക്കുന്നു. പുതിയനിയമത്തിൽ 31 പ്രാവശ്യം യേശുവിന്റെ ഉയിർപ്പിനെ സൂചിപ്പിക്കുന്ന ഈ പദം പ്രയോഗിക്കപ്പെട്ടിട്ടുണ്ട് (ഉദാ: മർക്കോ 14:28, 16:6; അപ്പ 3:15, 13:37, റോമാ 6:4). പാപത്തിലാഴ്ന്നുപോയ മാനവരാശിയെ യേശു "എഴുന്നേൽപ്പിക്കുന്നു" എന്നതാണ്

രോഗിണിയെ എഴുന്നേൽപ്പിക്കുന്നതിലൂടെ നാം രചയിതാവിനോടൊപ്പം ചേർന്നുനിന്ന് കാണുന്ന പ്രതീകാത്മകത. രണ്ട്, "അവൾ അവരെ ശുശ്രൂഷിച്ചു." രോഗശാന്തി അനിവാര്യവും സമ്പൂർണവുമാണെന്ന് ഈ പ്രയോഗം വ്യക്തമാക്കുന്നു. കൂടാതെ, യേശു നല്കുന്ന സൗഖ്യം ശുശ്രൂഷയ്ക്കുവേണ്ടിയുള്ള ദൗത്യത്തിലേക്കാണ് നയിക്കേണ്ടതെന്നും ഈ പ്രയോഗം ബോധ്യപ്പെടുത്തുന്നു. അങ്ങനെ, പാപത്തിൽനിന്ന് വിടുതൽ പ്രാപിച്ച് മറ്റുള്ളവരുടെ സേവനത്തിനായി വിളിക്കപ്പെടുന്ന വിശ്വാസിയുടെ പ്രതീകമായി ഈ സുഖപ്രാപ്തി സംഭവം നിലകൊള്ളുന്നു.

2. പത്രോസിന്റെ ഭവനത്തിൽ സംഭവിച്ച രോഗശാന്തിയിലൂടെ യേശുവിന്റെ സാന്നിധ്യം ആ വീട്ടിലുണ്ടെന്ന് പട്ടണനിവാസികൾ തിരിച്ചറിയുന്നു. തുടർന്ന് നിരവധി രോഗികളും പിശാചുബാധിതരും സൗഖ്യത്തിനായി ആ ഭവനത്തിന് ചുറ്റും തടിച്ചുകൂടുന്നു. സൗഖ്യത്തിനായി കടന്നുവരുന്ന 'ഏവരേയും' യേശു സുഖപ്പെടുത്തുന്നതായി മർക്കോസ് രേഖപ്പെടുത്തുന്നു. അപ്രകാരം യേശുവിലൂടെ സംജാതമാകുന്ന രക്ഷ എല്ലാവിഭാഗം ജനങ്ങൾക്കും സൗജന്യമായി ലഭ്യമാണെന്ന് സുവ്യക്തം. യേശുവിന്റെ ശുശ്രൂഷയുടെ ലക്ഷ്യവും മറ്റൊന്നല്ല. ഈ സൗഖ്യം നല്കൽ ഭാഗത്തുതന്നെ മർക്കോസ് സുവിശേഷകന്റെ പ്രസിദ്ധമായ ഒരു നിഗൂഢതയും നാം ദർശിക്കുന്നു: "പിശാചുക്കൾ തന്നെ അറിഞ്ഞിരുന്നതുകൊണ്ട്, സംസാരിക്കാൻ അവരെ അവൻ അനുവദിച്ചില്ല" (1:34). തന്റെ വ്യക്തിത്വം വെളിപ്പെടുത്തപ്പെടാൻ ആഗ്രഹിക്കായ്കയാൽ ദുരാത്മാക്കളോട് യേശു നിശബ്ദരാകാൻ കല്പിക്കുന്നു. താൻ ആരാണെന്നുള്ള സത്യം വെളിപ്പെടുത്താതിരിക്കാൻ നിശ്ശബ്ദത പാലിക്കണമെന്നുള്ള കല്പന മർക്കോസിന്റെ സുവിശേഷത്തിലുടനീളം കാണുന്നുണ്ട്. ഈ കല്പന അശുദ്ധാത്മാക്കൾക്ക് മാത്രമല്ല, തന്റെ കൂടെനടന്ന ശിഷ്യർക്കും നല്കുന്നുണ്ട് (1:25, 34,3:12,8:30,9:9). ഈ നിശ്ശബ്ദതയുടെ നിഗൂഢത 'നിഗൂഢ ക്രിസ്തുത്വം' (messianic secret) എന്നറിയപ്പെടുന്നു. അതായത്, യേശുവിന്റെ വ്യക്തിത്വം, പീഡാസഹനം, മരണം, ഉത്ഥാനം എന്നിവയുടെ വെളിച്ചത്തിൽ മാത്രമേ അനാവരണം ചെയ്യപ്പെടാൻ പാടുള്ളൂ. അതിനുമുമ്പ് യേശുവിന്റെ വ്യക്തിത്വം വെളിപ്പെടുത്താനുള്ള ഏതൊരു ശ്രമവും അനവസരത്തിലുള്ളതാകുന്നു. കാരണം ജനക്കൂട്ടം യേശുവിനെ ഒരത്ഭുതപ്രവർത്തകനായി മാത്രം പരിഗണിക്കാനുള്ള സാധ്യതയുണ്ടാകുന്നു. ആയതിനാൽ യേശുവിന്റെ യഥാർത്ഥ വ്യക്തിത്വം കുരിശിന്റെ പശ്ചാത്തലത്തിലാണ് തിരിച്ചറിയേണ്ടതെന്ന് മർക്കോസ് നിഷ്കർഷിക്കുന്നു. പീഡിപ്പിക്കപ്പെടുന്ന ഒരു വിശ്വാസസമൂഹമാണ് മർക്കോസിന്റെ ആദ്യശ്രോതാക്കൾ. അവർ വിശ്വാസികളായിരുന്നുവെന്ന സത്യം മറ്റുള്ളവർ തിരിച്ചറിഞ്ഞിരുന്നത് പീഡനത്തിന്റെ ഭാഗമായി അവർ കൊല്ലപ്പെട്ടപ്പോഴാണ്. അതുകൊണ്ട്, 'നിഗൂഢ ക്രിസ്തുത്വം' മർക്കോസിന്റെ ആദ്യശ്രോതാക്കളുടെ ജീവിത സാഹചര്യവുമായും ബന്ധപ്പെട്ടിരിക്കുന്നു.

3. കഫർണാമിലെ ഏറെ തിരക്കേറിയ ഒരു ദിവസത്തെ ശുശ്രൂഷയ്ക്കു ശേഷം ഏകാന്തതയിലേക്ക് പിൻവാങ്ങുന്ന യേശുവിനെയാണ് സുവിശേഷകൻ തുടർന്ന് അവതരിപ്പിക്കുന്നത് (1:35). പിതാവുമായുള്ള ഗാഢബന്ധം സ്ഥാപിക്കുന്നതിനുവേണ്ടിയാണ് വിജനമായ ഇടങ്ങൾ യേശു തേടുന്നത്. ജനസഞ്ചയത്തിൽനിന്ന് ലഭിക്കുന്ന പേരും പ്രശസ്തിയും ഉപേക്ഷിച്ചുകൊണ്ട് പിതാവിന്റെ ഹിതം അന്വേഷിക്കാനുള്ള സന്ദർഭങ്ങളാണ് യേശുവിന്റെ ഏകാന്തത അഥവാ വിജനത. വിജനതയിലായിരുന്ന യേശുവിനെ കണ്ടെത്തിയ ശിഷ്യരുടെ ആഗ്രഹം യേശു കഫർണാമിലെ ജനമധ്യേ തിരിച്ചെത്തണമെന്നതാണ്. എന്നാൽ യേശു തന്റെ ശുശ്രൂഷയുടെ പരിധി മറ്റുള്ളവരിലേയ്ക്കും വ്യാപിപ്പിക്കാൻ ആഗ്രഹിക്കുന്നു. യേശുവിനെ പരിമിതപ്പെടുത്താനുള്ള ശിഷ്യരുടെ ശ്രമം യേശു വിഫലമാക്കുന്നു. കാരണം, ദൈവരാജ്യപ്രഖ്യാപനമാണ് യേശുവിന്റെ യഥാർത്ഥ ലക്ഷ്യം.

4. ഇന്നത്തെ ഒന്നാം വായന, നീതിമാൻ എന്തിന് ദുരിതങ്ങൾ സഹിക്കണം എന്ന സങ്കീർണമായ പ്രശ്നം വിശകലനം ചെയ്യുന്ന ജോബിന്റെ പുസ്തകത്തിൽനിന്നാണ്. കൂടാതെ, ഈ പ്രശ്നത്തിന് പരിഹാരം കാണാനും ഗ്രന്ഥം ശ്രമിക്കുന്നു. ബിസി അഞ്ചിനും പത്തിനുമിടയിൽ രചിക്കപ്പെട്ട ഈ പുസ്തകത്തിന്റെ ഗ്രന്ഥകാരനെക്കുറിച്ചുള്ള വിവരണങ്ങളൊന്നും ലഭ്യമല്ല. ജോബ് ഒരു കുടുംബവംശത്തിന്റെ പിതാവ് ആയിരുന്നു. അദ്ദേഹത്തിന് ഭൂസ്വത്തും കന്നുകാലി സമ്പത്തും കുടുംബമഹിമയും ഉണ്ടായിരുന്നു. ജോബ് ദൈവത്തിനോട് വിശ്വസ്തനായ ഒരു യഹൂദനായിരുന്നു.

5. ജോബും തന്റെ സമകാലികരായ യഹൂദരും തങ്ങളുടെ കുടുംബസ്വത്തും കന്നുകാലിസമ്പത്തും കുലമഹിമയും അടുത്ത തലമുറയിലേക്ക് കൈമാറപ്പെടണമെന്ന് ആഗ്രഹിച്ചിരുന്നവരാണ്. തികഞ്ഞ ദൈവഭക്തനായിരുന്നിട്ടുപോലും ജോബിന് എല്ലാം നഷ്ടപ്പെടുന്നു. അതുമൂലം അടുത്ത തലമുറയ്ക്ക് കൈമാറ്റം ചെയ്യാൻ പൈതൃകമായി ഒന്നുംതന്നെയില്ല. ഈ സന്ദർഭത്തിലാണ് ഗ്രന്ഥകാരൻ നല്കുന്ന സ്വാധീനാർഹമായ മൂന്ന് അവസ്ഥകളെ ജോബ് തന്റെതന്നെ ജീവിതാവസ്ഥകളായി വിലയിരുത്തുന്നത് (7:1-4):1)നിർബന്ധിത സേവനം (forced labour); 2) ദിവസകൂലിക്കാരൻ (day-labourer); 3) അടിമ (slave). ഈ മൂന്ന് ജീവിതാവസ്ഥകളും മറ്റൊരു വ്യക്തിയുടെ ശക്തിക്കും ഹിതത്തിനും കീഴ്പ്പെട്ടുകഴിയുന്നതിന്റെ ഭേദങ്ങളാണ്. ജോബിന്റെ പ്രാർത്ഥനയിൽ നിഴലിക്കുന്ന തിരിച്ചറിവും (7:7a) താൻ ദൈവത്തിന് സമർപ്പിക്കപ്പെട്ടവനാണെന്നുള്ളതാണ്. അനന്തരഫലമായി തനിക്കുണ്ടായിരുന്നതെല്ലാം ദൈവദാനമാണെന്നും താൻ ദൈവത്തിന് വിധേയനാണെന്നും ജോബ് മനസ്സിലാക്കുന്നു.

## സന്ദേശം

1. മർക്കോസ് സുവിശേഷകനും ജോബിന്റെ ഗ്രന്ഥകാരനും യേശുവിലും

ജോബിലും ചില സമാനതകൾ അവതരിപ്പിക്കുന്നു. കഫർണാമിലെ തിര ക്കേറിയ ഒരു ദിനം യേശുവിനെ സംബന്ധിച്ചിടത്തോളം ദൈവത്തിന്റെ ഒരു ദിവസവേതനക്കാരനാണെന്ന നിലയിലേക്ക് വരുന്നു. ദൈവത്തിന്റെ വേല ചെയ്യുന്നതുകൊണ്ട് യേശു ദൈവത്തിന് വിധേയപ്പെട്ടിരിക്കുന്നു. ജോബ് തന്റെ നഷ്ടത്തിലും താൻ ദൈവത്തിന്റെ കൂലിക്കാരനെന്ന ഭാവത്തിലേയ്ക്ക് വരുന്നു. ജോബ് ദൈവത്തിന് വിധേയപ്പെട്ടിരിക്കുന്നു. ദിനാന്ത്യത്തിൽ രണ്ടുപേർക്കും സ്വന്തമായി അവകാശപ്പെടാൻ ഒന്നുമില്ല.

2. ഈ രണ്ടു വചനഭാഗങ്ങളിലും ലഭിക്കുന്ന മറ്റൊരു സമാനത പ്രാർത്ഥന യാണ്. ദൈവഹിതം അറിയാനും ദൈവത്തിന് കീഴ്പ്പെടാനുമുള്ള നിമിഷ മാണ് പ്രാർഥന. തിരക്കുകൾക്കിടയിലും സർവത്തിന്റെയും ഉടയോനായ പിതാ വുമായി സംവദിക്കാൻ യേശു സമയം കണ്ടെത്തുന്നു. തന്റെ ശൂന്യതയിലും ജോബ് തന്റെ ജീവിതം ഒരു ശ്വാസം മാത്രമാണെന്ന് അനുസ്മരിക്കുന്നു. യേശുവും ജോബും പ്രാർഥനയിലൂടെ ദൈവത്തിന് വിധേയരാകുന്നു.

**ഡോ. ലോറൻസ് കുലാസ്**

---

# പ്രസംഗം

## ഉറക്കമില്ലാത്ത ദൈവം

കട്ട പിടിച്ച ഇരുട്ട്. എവിടെയെങ്കിലും ഒന്ന് തങ്ങാതെ പറ്റില്ല എന്ന് വിചാരിച്ച് ഒരാൾ അടുത്തുകണ്ട വീടിന്റെ മുന്നിൽ എത്തി. യാത്രക്കാരന്റെ ആഗമനോദ്ദേശ്യം അറിഞ്ഞപ്പോൾ വീടിന്റെ പടിയിലിരുന്ന വൃദ്ധനായ മനു ഷ്യൻ യാത്രക്കാരനെ സ്വീകരിച്ച് അഭയം നൽകി. വൃദ്ധരായ ഭാര്യയും ഭർ ത്താവുംമാത്രം താമസിക്കുന്ന വീടായിരുന്നു അത്. നിനച്ചിരിക്കാ തെയും ക്ഷണിക്കപ്പെടാതെയും വന്നതാണെങ്കിലും അവർക്ക് രണ്ടുപേർക്കും യാത്ര ക്കാരൻ അതിഥിയെപോലെയായിരുന്നു. യാത്രക്കാരന് അന്നവും അന്തി യുറങ്ങാൻ സൗകര്യവും ഒരുക്കികൊടുത്ത് അവർ രണ്ടാളും ഉറങ്ങാൻ കിടന്നു. യാത്രാക്ലേശംമൂലം യാത്രക്കാരൻ പെട്ടെന്ന് ഉറങ്ങിപ്പോയി. പുലരിയായ പ്പോൾ ആതിഥേയയായ അമ്മ യാത്രക്കാരനെ വിളിച്ചുണർത്തി ഒരു കോപ്പ നിറയെ ചൂട് ചായകൊടുത്തു. യാത്രക്കാരൻ അതിശയത്തോടെ ചോദിച്ചു: 'നിങ്ങൾ നേരത്തെ ഉണർന്നുവല്ലേ? ആ അമ്മ ഒന്ന് പുഞ്ചിരിച്ചതേയുള്ളൂ. അയാൾ ചായ കുടിച്ചിട്ട് തലേന്ന് കസേരമേൽ മാറ്റിയിട്ട വസ്ത്രം എടുക്കാൻ തിരിഞ്ഞ പ്പോൾ അവിടെ വസ്ത്രം ഒന്നും ഉണ്ടായിരുന്നില്ല. അയാൾ അസ്വസ്ഥനായി പരതുന്നത് കണ്ട, വീട്ടുടമയായ വൃദ്ധൻ പറഞ്ഞു: നിങ്ങളുടെ തുണികൾ അലക്കി ഉണക്കാൻ ഇട്ടിരിക്കുകയാണ്. അതിഥി ഉറങ്ങുമ്പോൾ അതിഥിയുടെ സുഖത്തിനായി ഉറങ്ങാതിരിക്കുന്ന ആതിഥേയരുണ്ട് നമുക്കുചുറ്റും.

നാമുണർന്നപ്പോൾ നമുക്ക് സമീപത്ത് ഒരു കപ്പ് ചായ കണ്ടപ്പോൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ നമുക്ക് മുൻപിൽ നമുക്കുവേണ്ടി ആരൊക്കെയോ നേരത്തെ ഉണർന്നിട്ടുണ്ടെന്ന്. എത്രയോ നാളുകളിൽ നാം ഉറങ്ങി കിടന്നപ്പോൾ നമുക്ക് അരികിൽ ഉറങ്ങാതെ കാത്തുകൊണ്ടിരുന്നവർ ഉണ്ടായിരുന്നു. ചിലരുടെ ഉറക്കമിളച്ചുള്ള പരിചരണങ്ങൾ നമ്മെ രൂപപ്പെടുത്തുന്നതിൽ നല്ല പങ്കുവഹിച്ചിട്ടുണ്ട്. ചിലർ നന്നായി ഉറങ്ങാൻ മറ്റുചിലർ ഉറങ്ങാതിരിക്കുന്നു. എത്രയോപേരുടെ ഉറക്കം കെട്ടിട്ടാണ് നമ്മളൊക്കെ നമ്മളായി ത്തീരുന്നത്.

അപ്പസ്തോലന്മാരോടൊപ്പം ഉറങ്ങിക്കിടന്ന യേശു അവർക്കുമുൻപേ ഉണർന്ന് ഒരു വിജനസ്ഥലത്ത് പ്രാർത്ഥിച്ചുകൊണ്ടിരുന്നതായി സുവിശേഷം വെളിപ്പെടുത്തുന്നു. അവർ അവനെ അന്വേഷിച്ചെത്തുമ്പോൾ കണ്ടെത്തിയത് വിജനമായ പ്രദേശത്ത് പ്രാർത്ഥിച്ചുകൊണ്ടിരുന്ന ഈശോയെ ആയിരുന്നു. 'എന്തിനാണ് അങ്ങ് നേരത്തെ ഉണർന്നത്? എന്തിനാണ് ഈ വിജനപ്രദേശത്ത് ഒറ്റക്ക് ഇരിക്കുന്നത് എന്നൊന്നും അപ്പസ്തോലന്മാർ ഈശോയോട് ചോദിച്ചില്ല. അവരുടെ അന്വേഷണത്തിന്റെ ലക്ഷ്യം അവരുടെ വാക്കുകളിൽ നിന്ന് വ്യക്തമാണ്. എല്ലാവരും നിന്നെ സ്നേഹിക്കുന്നു (37). ഈശോയുടെ പ്രതികരണത്തിൽ നിന്നും അവന്റെ ഉദ്ദേശ്യവും പ്രകടമാണ്. ഈശോ പറഞ്ഞു: "നമുക്ക് അടുത്ത പട്ടണങ്ങളിലേക്ക് പോകാം. അവിടെയും എനിക്ക് പ്രസംഗി ക്കേണ്ടിയിരിക്കുന്നു" (38). അടുത്ത ഇടത്തേക്കുപോയി ജനത്തിന് വേണ്ടത് ചെയ്തുകൊടുക്കാനുള്ള തയ്യാറെടുപ്പിലായിരുന്നു ഈശോ. അവൻ നേരത്തെ ഉണർന്നത് അതിനുവേണ്ടിയായിരുന്നു. അപരന്റെ ആകുലതകൾ ചിലരുടെ മനസ്സിൽ കയറിപ്പറ്റും. അപ്പോൾ അവരുടെ ഉറക്കം കെട്ടുപോകും. ഉലയുന്ന തോണിയിൽ ഉറങ്ങുകയായിരുന്ന കർത്താവ് ഉണർന്ന് കാറ്റിനെ ശാന്തമാക്കിയത് അങ്ങനെയായിരുന്നല്ലോ (മർക്കോ 4:39).

തന്റെ സമീപത്തേക്ക് കൊണ്ടുവന്നവരെയെല്ലാം ഈശോ സുഖപ്പെടുത്തി. എത്തിപ്പെടാൻ സാധിക്കാത്ത മനുഷ്യരുടെ സമീപത്തേക്ക്, അവർക്ക് എത്താവുന്ന ദൂരത്തേക്ക് അവൻ നടന്നു. ഇങ്ങോട്ട് വരാനാകാത്തവരെ അങ്ങോട്ടുചെന്ന് പരിചരിക്കുന്ന ഭാവത്തിന് പറയുന്ന പേരല്ലേ ദൈവം എന്ന്. അടുത്ത പട്ടണങ്ങളിലേക്ക് പോകാം, എന്ന് ഈശോ പറയുമ്പോൾ, അപരനിലേക്ക്, അവന്റെ പരാധീനതകളിലേക്ക് യാത്ര ചെയ്യാമെന്നുതന്നെയാണ് ആന്തരാർത്ഥം. പരജീവിതങ്ങളെ പച്ചപ്പണിയിക്കാനുള്ള പവിത്രമായ പ്രയാണമായിരുന്നു ഈശോ എന്നും നടത്തിക്കൊണ്ടിരുന്നത്. പരസഹായമില്ലാതെ ആർക്കും നിലനിൽപ്പ് ഉണ്ടായിട്ടില്ല. അത് സ്വയം മനസ്സിലാക്കിയിട്ടാണ് ഈശോ ചലിച്ചിരുന്നത്. ഒരു അലസഗമനത്തിന് കർത്താവ് തയ്യാറല്ല. അവന്റെ ഓരോ നോട്ടത്തിലും അപരന്റെ ദുഃഖം കാണാനുള്ള ആഴമുണ്ടായിരുന്നു. തിരസ്ക്കരിക്കപ്പെട്ട ജീവിതങ്ങളിലേക്കും ക്ലേശിതരിലേക്കും ക്രിസ്തു എത്തിയത് അവരെ നന്നായി കണ്ടിരുന്നതുകൊണ്ടാണ്.

ഒരാളിൽനിന്ന് മറ്റൊരാളിലേക്ക്, ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് ഈശോ യാത്ര ചെയ്തത് മറ്റുള്ളവർക്ക് സ്നേഹം കൊടുത്ത് അവരുടെ ജീവിതത്തിന് അർത്ഥമുണ്ടെന്ന് പഠിപ്പിക്കാനായിരുന്നു. അപരന്റെ ജീവിതംകണ്ട് ഈശോയ്ക്ക് അനുകമ്പതോന്നുന്ന എത്രയോ സംഭവങ്ങൾ വിശുദ്ധഗ്രന്ഥത്തിലുണ്ട്. അപരന്റെ പരാധീനതകൾ പരിഹരിക്കാനുള്ള തീർത്ഥയാത്രയായിരുന്നു ഈശോയുടെ ജീവിതം. ഈ യാത്രയിലെ സഹയാത്രികർ ആകേണ്ടവരാണ് ഓരോ മനുഷ്യരും. നമ്മുടെ ജീവിതത്തിലധികവും ദൈവത്തിന്റെ മുഖമുള്ളവരുടെ ഇടപെടലാണല്ലോ ഉണ്ടായിരുന്നത്. എത്രയോ മനുഷ്യർ തങ്ങളുടെ മനസ്സുകൾ നമ്മെ ചേർത്തുവച്ചപ്പോഴാണ് നമ്മുടെ സ്വപ്നങ്ങളിൽ പൂക്കൾ വിടർന്നത്.

നമ്മുടെ രോഗക്കിടയ്ക്കരികിൽ പ്രിയപ്പെട്ടവർ ഉറങ്ങാതിരുന്നു. ചുമയ്ക്കുമ്പോൾ തടവാനും തണുക്കുമ്പോൾ പുതപ്പിക്കാനും എത്രയോ പേരുണ്ടായിരുന്നു. മിഴികളിൽ തിരികൾ തെളിച്ച് കാവൽമാലാഖമാരെപ്പോലെ ചിലർ ചുറ്റിലും നിന്നിരുന്നു. ദുരന്തകാലത്തും അല്ലാത്തകാലത്തും കിടപ്പാടം നഷ്ടപ്പെട്ടവർക്ക് സ്വന്തം വീടൊഴിഞ്ഞ് കൊടുത്തവരുണ്ട്. മറ്റുള്ളവർക്ക് ചവിട്ടിക്കയറാൻ സ്വന്തം ചുമലുപോലും കാണിച്ചുകൊടുത്തവരുണ്ട്. പരീക്ഷാകാലത്ത്, ഉറക്കമിളച്ച് പഠിക്കുന്നനേരത്ത് കൂട്ടിരിപ്പുകാരായി, കിടപ്പിലായപ്പോൾ ഫ്ളാസ്ക്കിൽ കാപ്പിയുമായെത്തുന്ന ഒരമ്മയുടെ ചിത്രമുണ്ട് മനസ്സിൽ. നമ്മുടെ ചുറ്റുവട്ടത്ത് തന്നെയുള്ള ചിത്രങ്ങളാണിതൊക്കെ. ഈ ചിത്രങ്ങളിലേതിലെങ്കിലും നമ്മളുണ്ടോ എന്ന് സൂക്ഷിച്ചുനോക്കൂ. സമാനമായ സംഭവങ്ങളുടെ ഭാഗമാകാനായില്ലെങ്കിൽ, പരജീവിതങ്ങളെ ഭേദപ്പെടുത്താൻ ഇനി നാം വൈകേണ്ടതുണ്ടോ എന്ന് ചിന്തിക്കേണ്ടതല്ലേ.

ഭാരങ്ങൾ താങ്ങാൻ ചിലരുണ്ടായില്ലെന്ന് പരിഭവിക്കുന്നവർ ചിന്തിച്ചുനോക്കൂ. നീ എങ്ങനെ ഇവിടംവരെ എത്തിയെന്ന്. അമ്മയുടെ ഉദരം വിട്ടൊഴിഞ്ഞ നിമിഷംമുതൽ നിനക്കുവേണ്ടി വിയർത്തവരില്ലേ, നിന്നെ നോക്കി പുഞ്ചിരിച്ചവരില്ലേ, നിന്റെ തോളിൽത്തട്ടി സാന്ത്വനിപ്പിച്ചവരില്ലേ, പഠിപ്പിച്ചവരില്ലേ, നിനക്കായി സമയം ചെലവഴിച്ചവരില്ലേ. നിനക്ക് ഉടുപ്പ് തുന്നിത്തന്നവരും ചെരിപ്പ് വാങ്ങിത്തന്നവരുമില്ലേ. എന്തിനേറെ പറയുന്നു, നിന്റെ ശല്യവും ശാഠ്യവും സഹിച്ചവരില്ലേ. ഇങ്ങനെയുള്ള ഏതെങ്കിലുമൊരു അനുഭവത്തിലൂടെ കടന്നുപോകാത്തവരുണ്ടോ ലോകത്തിൽ.

നമ്മെ ഊട്ടി ഉറക്കി വൈകി കിടന്നവർ, നമുക്ക് മുൻപേ ഉണരുകയും ചെയ്തിട്ടുണ്ട്. നാമുറങ്ങിക്കിടന്നപ്പോൾ, നമുക്ക് വേണ്ടി ഉറക്കമിളച്ചിരുന്ന് കൊന്തചൊല്ലിയവരുണ്ട്. ദൈവരൂപങ്ങളാകാൻ ഉറക്കം വിട്ടുണരാം, അപരന്റെ നന്മയ്ക്കുവേണ്ടി ഉറക്കമിളച്ചിരിക്കാം.

**ഫാ. ജോയി. ജെ. കപ്പൂച്ചിൻ**

# ഫെബ്രുവരി 14
# ആണ്ടുവട്ടം 6–ാം ഞായർ

## ഭാഷ്യം
## ലേവ്യ 13:1-2,44-46; 1 കോറി 10:31-11:1; മർക്കോ 1:40-45

### സന്ദർഭം

യേശുവിന്റെ ശുശ്രൂഷയുടെ ആരംഭമാണ് മർക്കോസ് ഒന്നാം അധ്യായത്തിൽ വിവരിക്കുന്നത്. ഗലീലി കടലിന്റെ തീരത്തും കഫർണാമിലുമാണ് യേശു പ്രഘോഷിക്കുന്നതും അത്ഭുതങ്ങൾ പ്രവർത്തിക്കുന്നതും. കഫർണാമിലെ യേശുവിന്റെ ഒരു ദിവസത്തെ പഠിപ്പിക്കലും പിശാചുക്കളെ ഒഴിപ്പിക്കലും കഴിഞ്ഞ് (1:21-31) വൈകുന്നേരവും യേശുവിന് തിരക്കാണ് (1:32-34). തിരക്കേറിയ തന്റെ ദൗത്യനിർവഹണത്തിനിടയിലും ജനക്കൂട്ടത്തിൽനിന്ന് ഒഴിഞ്ഞുമാറി പിതാവുമൊത്ത് കഴിയാൻ അവിടുന്ന് സമയം കണ്ടെത്തുന്നു (1:35). തുടർന്ന് ഗലീലിയിലെ മറ്റ് ഇടങ്ങളിലും ശിഷ്യന്മാരോടൊത്ത് പ്രഘോഷണശുശ്രൂഷയിൽ ഏർപ്പെടുന്നു (1:36-39). ഒന്നാം അധ്യായം അവസാനിക്കുന്നത് യേശു നല്കുന്ന മറ്റൊരു രോഗശാന്തി ശുശ്രൂഷയോടെയാണ് കുഷ്ഠരോഗിയെ ശുദ്ധനാക്കുന്ന സംഭവം (1:40-45).

### സാരം

1. ഗലീലിയിലെ ശുശ്രുഷാമധ്യേ ഒരു കുഷ്ഠരോഗി യേശുവിനെ സമീപിക്കുന്നു. 'കുഷ്ഠം' (lepresy) എന്ന വാക്ക് ഹെബ്രായ സംസ്കാരത്തിൽ ഏതാനും ത്വക്ക്രോഗങ്ങളിൽ ഒന്നാണ്. 'സാറ ആത്ത്' എന്ന് നാമകരണം ചെയ്യപ്പെട്ടിരിക്കുന്ന ഈ രോഗം പലതരം ത്വക്ക്രോഗം ഉൾപ്പെടുന്ന അവസ്ഥാവിശേഷമാണ്. പ്രാചീന പാലസ്തീനായിൽ കുഷ്ഠരോഗബാധിതർ അവരുടെ ജീവിതാവസ്ഥയെ സമൂഹമധ്യത്തിൽ കീറിയ വസ്ത്രം ധരിച്ചുകൊണ്ടും 'അശുദ്ധൻ അശുദ്ധൻ' എന്ന് വിളിച്ച് പറഞ്ഞുകൊണ്ടും (ലേവ്യ 13:45) ജീവിച്ചിരുന്നു. ഇക്കൂട്ടർ സമൂഹത്തിൽ ഭ്രഷ്ട് കല്പിക്കപ്പെട്ടവരായിരുന്നു (ലേവ്യ 13:43). ആയതിനാൽ കുഷ്ഠരോഗി രോഗബാധിതൻ മാത്രമല്ല സമൂഹത്തിൽനിന്ന് അകറ്റപ്പെട്ടവൻ കൂടിയായിരുന്നു. അക്കാലത്ത്, പുരോഹിതരാണ് രോഗത്തിന്റെ വ്യാപ്തിയും സ്വഭാവവും സുഖപ്രാപ്തിയുമൊക്കെ നിശ്ചയിച്ചിരുന്നത് (ലേവ്യ 13:1-2). പുരോഹിതന്റെ സാക്ഷ്യപ്പെടുത്തലിലൂടെ മാത്രമേ കുഷ്ഠരോഗിക്ക് രോഗം ഭേദമായതിനുശേഷവും സാമൂഹിക ജീവിതത്തിലേക്ക്

തിരിച്ചുവരാൻ കഴിഞ്ഞിരുന്നുള്ളൂ. അങ്ങനെ യഹൂദനിയമപ്രകാരം സാമൂഹികമായും ആചാരപരമായും കുഷ്ഠരോഗി അശുദ്ധനാണ്, ബഹിഷ്കൃതനാണ്.

2. കുഷ്ഠരോഗം സൗഖ്യമാക്കപ്പെട്ടതിനാൽ ശുദ്ധീകരണകർമ്മം വഴി രോഗി സമൂഹത്തിൽ സ്വീകരിക്കപ്പെടണം. ഈ ശുദ്ധീകരണ കർമത്തിന് രണ്ട് ഭാഗങ്ങളുണ്ട്. അശുദ്ധാത്മാവിന്റെ പിടിയിൽനിന്ന് സ്വതന്ത്രനായി എന്നു കാണിക്കുന്നതാണ് ആദ്യത്തെ കർമ്മം. ജനങ്ങൾ വസിക്കുന്ന സ്ഥലത്തിന് പുറത്തുവച്ച് പുരോഹിതൻ രോഗിയായിരുന്ന ആളെ കാണുന്നു. അവൻ രോഗവിമുക്തനാണെന്ന് ബോധ്യപ്പെട്ടാൽ രണ്ട് ശുദ്ധിയുള്ള പക്ഷികളെ കൊണ്ടുവരാൻ ആവശ്യപ്പെടുന്നു. അവയോടൊപ്പം ദേവദാരു, ചുവന്ന നൂല്, ഈസോപ്പ് ചെടി എന്നിവ കൊണ്ടുവരണം. ഒരു മൺപാത്രത്തിൽ ശുദ്ധമായ ഉറവയിൽ നിന്നെടുത്ത വെള്ളമൊഴിച്ച് അതിന്റെ മുകളിൽവച്ച് പക്ഷികളിൽ ഒന്നിനെ കൊല്ലണം. പിന്നീട് ദേവദാരു, ചുവന്ന നൂല്, ഈസോപ്പുചെടി എന്നിവ ജീവനോടിരിക്കുന്ന പക്ഷിയോടൊപ്പം പാത്രത്തിന്റെ വെള്ളത്തിനുമീതെവച്ച് കൊല്ലപ്പെട്ട പക്ഷിയുടെ രക്തത്തിൽ മുക്കണം. പിന്നീട് പുരോഹിതൻ രോഗവിമുക്തനായവന്റെമേൽ ആ രക്തം 7 പ്രാവശ്യം തളിക്കണം. അതിനുശേഷം അവൻ രോഗവിമുക്തനാണെന്ന് പ്രഖ്യാപിക്കണം. പിന്നീട് ജീവനുള്ള പക്ഷിയെ പറപ്പിച്ചു വിടണം. വസ്ത്രങ്ങൾ കഴുകി ശിരസ്സ് മുണ്ഡനം ചെയ്ത് രോഗവിമുക്തൻ കുളിക്കുന്നു. അതോടെ അവൻ ശുദ്ധിയുള്ളവനായിത്തീരുന്നു. പിന്നീട് ജനവാസമുള്ള സ്ഥലത്ത് പ്രവേശിക്കാമെങ്കിലും 7 ദിവസത്തേയ്ക്ക് കൂടാരത്തിൽ താമസിക്കാൻ പറ്റില്ല. ഏഴാം ദിവസം വീണ്ടും ക്ഷൗരം ചെയ്ത് വസ്ത്രങ്ങൾ കഴുകി കുളിക്കണം. ഇതാണ് ശുദ്ധീകരണകർമ്മം (ലേവ്യ-സംഖ്യ, പഠനഭാഗം, ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ്, പി.ഒ.സി., പേജ് 16-17).

3. യേശുവും രോഗിയുമായുള്ള കൂടികാഴ്ചയും യേശുവ്യക്തിത്വത്തിൽ അടങ്ങിയിരിക്കുന്ന വൈകാരികത പ്രകടമാകുന്നു. കുഷ്ഠരോഗിയെ കാണുമ്പോൾ യേശുവിന്റെ മുഖം കരുണാർദ്രമാകുന്നു. യേശുവിന്റെ കരുണയുടെ മുഖമാണ് കുഷ്ഠരോഗി ദർശിക്കുന്നത് (1:41). യേശുവിൽ പ്രകടമാകുന്ന ഈ വൈകാരികതയെ ചില കൈയെഴുത്തുപ്രതികളിൽ 'കോപത്തോടെ' എന്ന് പ്രതിപാദിക്കുന്നുണ്ട്. യേശുവിൽ പ്രകടമാകുന്ന വൈകാരികത ഇവയിൽ ഏതുതന്നെയായാലും അവയ്ക്ക് കുഷ്ഠരോഗിയുടെ പശ്ചാത്തലവുമായി യോജിപ്പുണ്ട്: 1) രോഗിയുടെ ജീവിതാവസ്ഥയോടുള്ള യേശുവിന്റെ ആർദ്രത (കരുണ). സമൂഹത്തിൽ മാന്യമായ ജീവിതം നയിക്കാൻ കഴിയാത്ത കുഷ്ഠരോഗിയുടെ അവസ്ഥയെ യേശു കരുണയോടെ നോക്കുന്നു. 2) മതവും സമൂഹവും ചേർന്ന് കുഷ്ഠരോഗിയെ കൊണ്ടെത്തിക്കുന്ന ദുരവസ്ഥയോടുള്ള യേശുവിന്റെ പ്രതികരണം (കോപം). യഹൂദനിയമവും മതാചാരങ്ങളും സമൂഹസംവിധാനങ്ങളും ഒരു കുഷ്ഠരോഗിയിൽ ആരോപിക്കുന്ന തൊട്ടുകൂടായ്മയ്ക്കെതിരെ യേശു കോപിക്കുന്നു. കുഷ്ഠരോഗിയോടുള്ള കരുണ സാമൂഹിക വില

ക്കുകൾക്കധീതമായി അവനെ സ്പർശിക്കാൻ യേശുവിനെ ഇടയാക്കുന്നു. അതിലൂടെ അവൻ സൗഖ്യം പ്രാപിക്കുന്നു -ശുദ്ധനാകുന്നു. സാമൂഹിക വില ക്കു കളെ വെല്ലുവിളിച്ച് സഞ്ചരിക്കുന്ന യേശു ശുദ്ധി കൈവരിച്ച മനുഷ്യനെ പു രോഹിതമധ്യത്തിലേക്ക് പറഞ്ഞയയ്ക്കുന്നു. പാർശ്വവത്ക്കരിക്കപ്പെടുന്ന വൻ സമൂഹത്തിന്റെ അവിഭാജ്യഘടകമാകാനും സാമൂഹികസംവിധാനങ്ങൾക്ക് വി ധേയമാകാനുമാണ് പുരോഹിതമധ്യത്തിലേക്ക് നയിക്കപ്പെടുന്നതിലൂടെ പ്രകടമാകുന്നത്.

4. കുഷ്ഠരോഗിയെ സൗഖ്യമാക്കുന്ന – ശുദ്ധീകരിക്കുന്ന – പ്രക്രിയയിൽ വ്യത്യസ്തമായ രണ്ട് കാര്യങ്ങൾ സംഭവിക്കുന്നു (1:45); യേശു കല്പിച്ചതിന് വിപരീതമായി സുഖം പ്രാപിച്ചവൻ പ്രവർത്തിക്കുന്നു: ഒന്ന്, സുഖപ്രാപ്തിയെ സംബന്ധിച്ചുള്ള വിവരം മറ്റുള്ളവരെ അവൻ അറിയിക്കുന്നു. രണ്ട്, തന്റെ ശുദ്ധിയെ ബോധ്യപ്പെടുത്താൻ പുരോഹിതന്റെ അടുത്തേയ്ക്ക് അവൻ പോകു ന്നതായി മർക്കോസ് രേഖപ്പെടുത്തുന്നുമില്ല. ഈ രണ്ട് വ്യത്യസ്തതകളും മർക്കോസിന്റെ ആദ്യ ശ്രോതാക്കളുടെ പശ്ചാത്തലത്തിൽ ഉൾക്കൊള്ളാൻ കഴി യും. മർക്കോസ് വിജാതീയ ക്രൈസ്തവസമൂഹത്തിനു വേണ്ടിയാണ് സുവി ശേഷം എഴുതിയത്. വിജാതീയ പശ്ചാത്തലത്തിൽ ഗുണഭോക്താക്കൾ തങ്ങ ളുടെ അഭ്യുദയകാംഷികളെ പ്രകീർത്തിക്കാൻ കടപ്പെട്ടിരിക്കുന്നു. അവരുടെ പ്രവൃത്തികളെ മറച്ചുവയ്ക്കുന്നത് സാമൂഹിക കുറ്റമായിരുന്നു. അതിനാലാ വണം സുവിശേഷകൻ രോഗശാന്തിനേടിയ മനുഷ്യൻ (ഗുണഭോക്താവ്) തന്നെ സുഖപ്പെടുത്തിയവരെ (അഭ്യൂദയകാംഷിയെ) ജനമധ്യേ ഉയർത്തി ക്കാട്ടിയെന്ന് രേഖപ്പെടുത്തുന്നത്. യഹൂദരല്ലാത്ത ക്രൈസ്തവർക്കു വേണ്ടി സുവിശേഷം രചിച്ച മർക്കോസ് സുഖംപ്രാപിച്ച മനുഷ്യൻ താൻ കൈവരി ച്ച ശുദ്ധി പുരോഹിതസമക്ഷം സാക്ഷ്യപ്പെടുത്തുന്ന ഭാഗം ഉൾച്ചേർക്കാത്ത തിന്റെ കാരണം യഹൂദ പാരമ്പര്യം പാലിക്കേണ്ട ആവശ്യമില്ലാത്തവരാണ് വിജാതീയക്രൈസ്തവരെന്ന് പ്രസ്താവിക്കാൻ വേണ്ടിയാണ്. യേശു പ്രവർ ത്തിച്ച നന്മകൾ പ്രഘോഷിക്കുന്നതിൽ മറ്റൊന്നും തടസ്സമാകരുതെന്ന് ആദ്യ വായനക്കാരെ മർക്കോസ് ഓർമപ്പെടുത്തി. ഈ ഓർമപ്പെടുത്തൽ ഇന്നിന്റെ ശ്രോതാവിലും ബാധകമാകുന്നു.

## സന്ദേശം

കുഷ്ഠരോഗി ഉൾപ്പെടെ എല്ലാവരെയും പ്രത്യേകിച്ച് ഭ്രഷ്ടരാക്കപ്പെട്ടവ രെയും ആശ്ലേഷിക്കുന്നതാണ് ദൈവരാജ്യം. അത് എല്ലാവിധ വേലിക്കെട്ടുക ളെയും തകർക്കുകയും സകലർക്കും സൗഖ്യം നല്കുകയും ചെയ്യുന്നു. കുഷ്ഠ രോഗിയെ സുഖപ്പെടുത്തിയ ഈ സംഭവം അങ്ങനെ ദൈവരാജ്യത്തിന്റെ ഒരു വലിയ അടയാളമായിത്തീരുന്നു. സൗഹാർദവും സ്നേഹവും ഒരുമയും ഉണ്ടാ ക്കാൻ ശ്രമിക്കുന്നവൻ യേശുവിന്റെ മാർഗവും ദൗത്യവും പിന്തുടരുന്നു.

**ഡോ. ലോറൻസ് കുലാസ്**

# പ്രസംഗം
## ഹൃദയത്തിലാണ് അവൻ സ്പർശിക്കുക

സ്പർശനത്തെ ഇത്രമേൽ ഭയക്കുന്ന ഈ കാലഘട്ടത്തിൽ, യേശുവിന്റെ സ്പർശനം ആ കാലഘട്ടത്തിൽ ചെലുത്തിയ സ്വാധീനം എത്രമാത്രമാണെന്ന് ചിന്തിക്കുന്നത് നല്ലതാണ്. പരസ്പരം ഒന്നുതൊടാൻ പോയിട്ട് നിശ്ചിത അകലത്തിലിരുന്ന് സംസാരിക്കാൻപോലും മടിക്കുന്ന നമുക്ക് യേശുവിന്റെ കാലഘട്ടത്തിൽ കുഷ്ഠരോഗികൾ അനുഭവിച്ചിരുന്ന ശാരീരികവും മാനസികവുമായ ഒറ്റപ്പെടലും വേദനകളും മനസ്സിലാക്കാവുന്നതേയുള്ളൂ. കാരണം, യേശുവിന്റെ കാലഘട്ടത്തിൽ കുഷ്ഠമെന്നത് ഒരിക്കലും സൗഖ്യമാകാത്ത ദൈവകോപത്തിന്റെ ദൃശ്യാടയാളമായിരുന്നു.

സഞ്ചാരികളായിരുന്ന യഹൂദരെ സംബന്ധിച്ചിടത്തോളം കെട്ടുറപ്പില്ലാത്ത കൂടാരങ്ങളും ജീവിതത്തിന്റെ അലച്ചിലുകളും സാംക്രമികരോഗങ്ങളും കൂട്ടമായി ആക്രമിക്കുന്ന ജീവിതകർമ്മങ്ങളും അവരുടെ ജീവിതത്തെ വല്ലാതെ ഉലച്ചിരുന്നവയാണ്. ആയതിനാൽ കഴിയുന്നവിധം നിയമത്തിന്റെ ആനുകൂല്യമുപയോഗിച്ച് ഈ ബദ്ധശത്രുക്കളെ അവർ എതിർത്തിരുന്നു. അതിലൊന്നാണ് രോഗാതുരരായ മനുഷ്യരെ ശപിക്കപ്പെട്ടവരായി മുദ്രകുത്തി സമൂഹത്തിൽനിന്നും പുറത്താക്കിയിരുന്നത്.

യഹൂദർ ഒരാളുടെ ശാരീരിക ശുദ്ധതയുടെ മാനദണ്ഡമനുസരിച്ചായിരുന്നു അയാളുടെ ആത്മീയ പരിശുദ്ധിയെ നിർണയിച്ചിരുന്നത്. അതുകൊണ്ടാണ് സ്ത്രീകളെ അശുദ്ധിയുടെ പേരിൽ ചില പ്രത്യേകസാഹചര്യങ്ങളിൽ ദൈവാലയപ്രവേശനം നിഷേധിച്ച് മാറ്റി നിർത്തിയിരുന്നത്. ഇങ്ങനെയൊരു കാലത്തിന്റെ പശ്ചാത്തലത്തിലാണ് യേശുവിന്റെ പ്രവർത്തനങ്ങളെ നാം ധ്യാനിക്കേണ്ടത്. അവന്റെ മനോഭാവങ്ങളെ ധ്യാനിക്കുക മാത്രമല്ല; പ്രാവർത്തികമാക്കുകയും ചെയ്യണം. കുഷ്ഠരോഗിയെ തൊട്ടു സുഖപ്പെടുത്തുന്ന യേശുവിനെയാണ് നാം സുവിശേഷത്തിൽ കണ്ടുമുട്ടുക. സമൂഹത്തിൽനിന്നും എല്ലാവരാലും അവഗണിക്കപ്പെട്ടിരുന്ന ഈ രോഗി എന്ത് ബലത്തിന്മേലാണ് യേശുവിനെ സമീപിക്കുന്നത്? യേശു അക്കാലത്ത് അറിയപ്പെട്ടിരുന്ന വ്യക്തിയും ധാരാളം ശിഷ്യന്മാരുണ്ടായിരുന്ന റബ്ബിയുമായിരുന്നു. അവനെ നിരന്തരം അനുധാവനം ചെയ്തിരുന്ന ശിഷ്യഗണത്തിന് ഇടയിലൂടെ ഒരു കുഷ്ഠരോഗിക്ക് അത്ര ആയാസരഹിതമായി അവന്റെ മുമ്പിൽ പ്രത്യക്ഷപ്പെടാൻ കഴിയില്ലെന്നിരിക്കെ എന്ത് വിശ്വാസത്തിന്മേലാണ് ഇത്തരമൊരു തീരുമാനമെടുക്കാൻ ഈ രോഗി

പ്രാപ്തനായതെന്ന് നാം ചിന്തിക്കുക.

രോഗിയായിരുന്ന ഈ മനുഷ്യനെ തടയാൻ നൂറായിരം കാര്യങ്ങളുണ്ടായിരുന്നെങ്കിലും കരുണാമയനായ, അലിവുള്ളവനായ, രോഗികളോട് അനുകമ്പയുള്ള, രക്ഷകനായ ദൈവമാണ് യേശുവെന്ന ബോധ്യമാണ് അവനെ മുന്നോട്ട് നയിച്ചത്. യേശുവിന് മനസ്സുണ്ടെങ്കിൽ തന്നെ ശുദ്ധനാക്കാൻ കഴിയുമെന്ന വിശ്വാസമാണ് അത്. തനിക്കു മുമ്പിൽവന്ന് മുട്ടിന്മേൽ നിന്ന മനുഷ്യനിൽ യേശു കണ്ടതും ആ വിശ്വാസസമർപ്പണമാണ്. ആയിരമായിരം കരങ്ങളും അധരങ്ങളും ശകാരം നിറഞ്ഞ നോട്ടങ്ങളും അവനെ തടഞ്ഞെങ്കിലും തന്നെ രക്ഷിക്കാൻ കഴിയുന്നവന്റെ പക്കലേക്കാണ് തന്റെ യാത്രയെന്ന് ഉറച്ച ബോധ്യമാണ് അവനെ മുന്നോട്ട് നയിച്ച ഊർജ്ജം. ഈ സുവിശേഷം ധ്യാനവിഷയമാക്കുമ്പോൾ യേശു എന്നോട് എന്താണ് പറയുന്നതെന്ന് നമുക്ക് മനനം ചെയ്യാം. കുഷ്ഠരോഗിയുടെ മനോഭാവത്തെക്കാളേറെ നമ്മെ സ്വാധീനിക്കേണ്ടത് യേശുവിന്റെ അലിവുള്ള മനോഭാവമാണ്.

യേശുവിന്റെ മനസ്സലിവ്, സമൂഹം മുഴുവൻ ആട്ടിയോടിച്ചവനെ കൈനീട്ടി തൊടാൻ കാണിച്ച ഹൃദയവിശാലത, തൊടാതെ, അവനോട് ഒരക്ഷരം മിണ്ടാതെ അവനെയൊന്ന് തിരിഞ്ഞുനോക്കാതെകൂടി യേശുവിന് അവനെ സൗഖ്യമാക്കാമെന്നിരിക്കെ അവൻ സ്പർശിച്ചതും മിണ്ടിയതും ചേർത്തുനിർത്തിയതും എല്ലാം നമുക്കുവേണ്ടിയാണ്. നാഥനും ഗുരുവുമായവൻ ചെയ്തതുപോലെ നാമും ചെയ്യാൻവേണ്ടി.

ഇന്ന് എത്ര മനുഷ്യർ നമ്മുടെ പക്കൽ ഈ വിശ്വാസത്താൽ അണയും? ... അവന്റെ അടുക്കൽ ചെന്നാൽ അവനെന്നെ കരുണയോട് നോക്കും, അലിവോടെ തൊടും എന്നിങ്ങനെ. എത്രപേർ ധൈര്യത്തോടെ നമ്മെ സമീപിക്കും. വർഷങ്ങളായി ഈ ഭൂമിയിൽ ജീവിച്ചിട്ടും എത്രപേരോടാണ് നാം കരുണ കാണിച്ചിട്ടുള്ളത്. അഥവാ വല്ല നന്മയും ചെയ്താൽ കൊട്ടിഘോഷിക്കുന്ന മനുഷ്യരല്ലേ നമ്മൾ. അതോ യേശുവിനെപ്പോലെ ആരെയും അറിയിക്കാതെ എല്ലാം ദൈവമഹത്വത്തിനായി ചെയ്യുന്നവരാണോ നമ്മൾ?

**ഫാ. ഡാനിയേൽ രാജമണി**

# ഫെബ്രുവരി 21
# തപസ്സുകാലം 1–ാം ഞായർ

## ഭാഷ്യം

### ഉത്പ 9:8-15; 1പത്രോ3:18-22; മർക്കോ 1:12-15

## സന്ദർഭം

സ്നാപകയോഹന്നാന്റെ ദൗത്യത്തെക്കുറിച്ച് ഹ്രസ്വമായി വിവരിച്ചതിനുശേഷം (1:2-8) മർക്കോസ് സുവിശേഷകൻ യേശുവിനെ അവതരിപ്പിക്കുന്നു.മത്തായിയും ലൂക്കായും ചെയ്യുന്നതുപോലെ യേശുവിന്റെ ജനനമോ ബാല്യമോ വിവരിക്കാതെ മർക്കോസ് അവിടുത്തെ പരസ്യശുശ്രൂഷയിലേക്കും തുടർന്നുള്ള പ്രവർത്തനത്തിലേയ്ക്കും വായനക്കാരുടെ ശ്രദ്ധ ക്ഷണിക്കുന്നു. യേശു യോഹന്നാനിൽനിന്നും ജ്ഞാനസ്നാനം സ്വീകരിക്കുന്നതാണ് അവിടുത്തെ പരസ്യജീവിതത്തിന്റെ ആരംഭം (1:2-8).

## സാരം

1. യേശു യോഹന്നാനിൽനിന്ന് ജ്ഞാനസ്നാനം സ്വീകരിച്ചതിനുശേഷം (1:9-11), പരസ്യജീവിതത്തിലേക്ക് പ്രവേശിക്കുന്നതിനുമുമ്പ്, ആത്മാവിൽ നയിക്കപ്പെട്ട് മരുഭൂമിയിൽ സാത്താനാൽ പരീക്ഷിക്കപ്പെടുന്നു. മർക്കോസ് നല്കുന്ന യേശുവിന്റെ പ്രലോഭനം വായനക്കാരെ സംബന്ധിച്ചിടത്തോളം ഏറെ അതിശയിപ്പിക്കുന്ന ഒന്നാണ്. മത്തായിയുടെയും (4:1-11) ലൂക്കായുടെയും (4:1-13) സുവിശേഷത്തിൽ യേശുവും സാത്താനും തമ്മിലുള്ള വാഗ്വാദം വിപുലമായയൊരു നാടകീയ രംഗമാണ് വായനക്കാർക്ക് സമ്മാനിക്കുന്നത്. എന്നാൽ മർക്കോസ് തികച്ചും സംക്ഷിപ്തമായി ഒറ്റ വാക്യത്തിൽ ഈ സംഭവം രേഖപ്പെടുത്തുന്നു. മരുഭൂമിയിലുള്ള യേശുവിന്റെ പ്രലോഭനം മർക്കോസ് ഹ്രസ്വമായി വിവരിക്കുന്നിടത്ത് രണ്ട് പഴയനിയമസംഭവങ്ങൾ വായനക്കാരെ ഓർമപ്പെടുത്തുന്നു. ഒന്ന്, ഇസ്രായേൽ ജനത്തിന്റെ നാല്പത് വർഷത്തെ മരുഭൂമിയിലൂടെയുള്ള യാത്ര. 'നാല്പതുദിവസം' എന്നത് ഒരു നീണ്ട കാലയളവിനെ സൂചിപ്പിക്കുന്നു. ഇസ്രായേൽജനം ദീർഘമായയൊരു കാലയളവിൽ ദൈവത്താൽ പരീക്ഷിക്കപ്പെട്ടതുപോലെ യേശു തന്റെ ശുശ്രൂഷയിലുടനീളം സാത്താനാൽ പരീക്ഷിക്കപ്പെടുമെന്നതിന്റെ പ്രതീകമാണ് 'നാല്പതുദിവസം.' രണ്ട്, പറുദീസായിൽ വസിക്കുന്ന ആദം (ഉത്പ 2:4-3:24). പറുദീസായിൽ ആദം വന്യമൃഗങ്ങളോടൊത്ത് പാർത്തിരുന്നതുപോലെ മരുഭൂമിയിൽ യേശു വന്യമൃഗങ്ങളോടൊപ്പം ജീവിച്ചു. വന്യമൃഗങ്ങളോടൊപ്പമായിരുന്ന യേശുവിനെ മാലാഖമാർ ശുശ്രൂഷിക്കുന്നതായി സുവിശേഷകൻ കൂട്ടിച്ചേർക്കുന്നു. യഹൂദ

പുരാണങ്ങളനുസരിച്ച് ആദത്തിന്റെ മൃതദേഹം സ്വർഗത്തിലേയ്ക്ക് സംവഹിക്കുന്നത് മാലാഖമാരാണ്. വന്യമൃഗങ്ങളുടെ സാന്നിധ്യത്തിലുള്ള മരുഭൂമിയിലെ യേശുവിന്റെ വാസം ആപത്കരണാണെങ്കിലും മാലാഖമാരുടെ ശുശ്രൂഷ ദൈവികസംരക്ഷണത്തിന്റെ അടയാളമായി നിലകൊള്ളുന്നു. ഈ രണ്ട് പഴയനിയമസംഭവങ്ങളിലൂടെ സുവിശേഷകൻ വരച്ചുകാട്ടാൻ ശ്രമിക്കുന്നത്, ഏതൊരു പ്രതികൂലസാഹചര്യങ്ങളിലും ദൈവത്തോട് ചേർന്നുനില്ക്കുമ്പോൾ ലഭ്യമാകുന്ന ദൈവികസംരക്ഷണമാണ്.

2. രണ്ട് പഴയനിയമ സംഭവങ്ങളെ ഓർമപ്പെടുത്തുന്നതോടൊപ്പം മർക്കോസ് യേശുവിന്റെ പ്രലോഭനത്തെ അവിടുത്തെ ജ്ഞാനസ്നാനവുമായി കോർത്തിണക്കുന്നു. ജ്ഞാനസ്നാനത്തിലൂടെ പാപത്തിന് അടിമയായ മനുഷ്യകുലത്തോട് യേശു താദാത്മ്യപ്പെടുകയായിരുന്നു. യേശു തന്റെ പ്രലോഭനത്തിലൂടെയും തിന്മയുടെ ശക്തികൾക്ക് വിധേയരാകുന്ന മനുഷ്യമക്കളോട് താദാത്മ്യപ്പെടുകയാണെന്ന് സുവിശേഷകൻ പറഞ്ഞുവയ്ക്കുന്നു. “ഒരിക്കലും പാപം ചെയ്തിട്ടില്ലെങ്കിലും എല്ലാ കാര്യങ്ങളിലും നമ്മെപ്പോലെ പരീക്ഷിക്കപ്പെട്ടവനാണ് അവൻ” (ഹെബ്രാ 4:15) എന്ന യേശുവിനെ സംബന്ധിക്കുന്ന ദർശനം പ്രസക്തമാകുന്നു. യേശുവിന്റെ ജ്ഞാനസ്നാനത്തിലും പ്രലോഭനത്തിലും മനുഷ്യകുലത്തോട് താദാത്മ്യപ്പെടുന്ന ഘടകത്തോടൊപ്പം മറ്റൊരു സവിശേഷമായ ബന്ധം കൂടി ഈ സംഭവങ്ങളിൽ കണ്ടെത്താവുന്നതാണ്. ജ്ഞാനസ്നാനത്തിലും പരീക്ഷണഘട്ടത്തിലും യേശു ദൈവഹിതത്തോട് സമ്പൂർണമായി തന്നെതന്നെ സമർപ്പിക്കുന്നു. ഈ സമർപ്പണം യേശു തന്റെ ശുശ്രൂഷയിലൂടനീളം അനുവർത്തിക്കുന്നു. “എന്റെ ഹിതമല്ല അങ്ങയുടെ ഹിതം മാത്രം” (14:36).

3. ഒരേസമയം പിതാവിനോട് ഗാഢബന്ധം പുലർത്തിയും അതേസമയം മനുഷ്യകുലത്തോട് താദാത്മ്യപ്പെട്ടും യേശുവിന് പരസ്യജീവിതത്തിലേക്ക് പ്രവേശിക്കാമെന്ന് മർക്കോസ് വിവക്ഷിക്കുന്നു. സ്നാപകയോഹന്നാൻ ബന്ധനസ്ഥനായതിന് ശേഷമാണ് (1:14) യേശു തന്റെ പരസ്യജീവിതം ആരംഭിക്കുന്നത്. ‘ബന്ധനസ്ഥനാകുക’ എന്നതിന്റെ ഗ്രീക്ക് പദം (പാരാദിദോമി) സുവിശേഷത്തിൽ ആവർത്തിക്കപ്പെടുന്നത് യേശുവിന്റെ പീഡാനുഭവവിവരണങ്ങളിലാണ് (9:31;10:33,14:21,41). സ്നാപകയോഹന്നാൻ ബന്ധിക്കപ്പെടുകയും വധിക്കപ്പെടുകയും ചെയ്തതുപോലെ (6:17-29) യേശുവും ബന്ധിക്കപ്പെടുകയും വധിക്കപ്പെടുകയും (15:1,10,15) ചെയ്യുമെന്നതിന്റെ സൂചന യേശുവിന്റെ പരസ്യജീവിതത്തിന്റെ ആരംഭത്തിൽതന്നെ സുവിശേഷകൻ നല്കുന്നു. തുടർന്ന് മർക്കോസ് യേശുവിന്റെ ദൈവരാജ്യപ്രഖ്യാപനസന്ദേശം പകരുന്നു (1:14b-15).

4. നോഹയുമായുള്ള ഉടമ്പടിയാണ് ഇന്നത്തെ ഒന്നാം വായനയിലെ വിഷയം (ഉത്പ 9:8-17). ഈ ഉടമ്പടി മനുഷ്യവംശത്തോട് ദൈവം ചെയ്യുന്ന രണ്ടാമത്തെ ഉടമ്പടിയാണ്. ദൈവം ആദവുമായി നടത്തിയ ഉടമ്പടിയാണ്

ഒന്നാമത്തേത് (ഉത്പ 2– 3 അധ്യായങ്ങൾ). എന്നാൽ ഈ ഉടമ്പടി ലംഘിക്കപ്പെട്ടതിന്റെ അനന്തരഫലമായി ദൈവം പ്രപഞ്ചത്തെ മനുഷ്യനെതിരാക്കി മാറ്റി (ഉത്പ 7:1–24). നോഹയുമായുള്ള ഉടമ്പടി മഹാപ്രളയത്തിന്റെ ഫലമാണ്. പ്രളയം പ്രപഞ്ചത്തിന്റെ പുനഃസൃഷ്ടി ആകുമ്പോൾ ഉടമ്പടി മനുഷ്യനുമായുള്ള ദൈവത്തിന്റെ പുതിയ സഖ്യമാവുകയാണ്. നോഹയെ നീതിമാനായി കാണുകയാൽ ഇനി ഒരിക്കലും പ്രപഞ്ചത്തെ ജലപ്രളയത്തിലൂടെ നശിപ്പിക്കില്ലായെന്ന് വാഗ്ദാനം ചെയ്യപ്പെടുന്ന ജനത്തിന്റെ പ്രതീകമായി നോഹ നിലകൊള്ളുന്നു.

5. ദൈവം നോഹയുമായി ചെയ്ത ഉടമ്പടിയുടെ അടയാളമായി മഴവില്ല് (9:14) നിലകൊള്ളുന്നു. പ്രളയത്തെ കേവലമൊരു വലിയ മഴയായി മാത്രമല്ല പ്രാചീനജനത കണക്കാക്കിയിരുന്നത്, മറിച്ച്, ആകാശംതന്നെ ജലമായി ഭൂമിയിലേക്ക് നിപതിച്ചുവെന്നാണ് അവർ കരുതിപോന്നത്. പ്രളയാനന്തരം പ്രപഞ്ചം പുന:സൃഷ്ടിക്കപ്പെട്ടുവെന്നത് നാം മനസ്സിലാക്കുന്നത് പ്രളയത്തിലൂടെ ഒന്നായിത്തീർന്ന ആകാശത്തിലെയും ഭൂമിയിലെയും ജലസഞ്ചയത്തെ വിഘടിച്ച് വീണ്ടും കരയും കടലുമുണ്ടാകുന്നു എന്നാണ്. ഇനി ഒരിക്കലും ആകാശം തുറക്കപ്പെട്ട് ജലമിറങ്ങി ഭൂമിയെ നശിപ്പിക്കാതിരിക്കാൻ ആകാശത്തിന് കുറുകെ ഒരു പരിചയായി മഴവില്ല് നിലകൊള്ളുന്നതുകൊണ്ടാണ് നോഹയുമായി ദൈവം ചെയ്ത ഉടമ്പടിയുടെ അടയാളമായി മഴവില്ല് മാറുന്നത്. പാപം നിറഞ്ഞ ലോകത്തിന്മേലുള്ള ദൈവത്തിന്റെ ശിക്ഷയാണ് പ്രളയം. എന്നാൽ പ്രളയമേഘങ്ങൾക്ക് അന്ത്യം കുറിക്കുന്ന ദൈവത്തിന്റെ കരുതലാണ് മഴവില്ല്. മനുഷ്യന്റെ തിന്മ ദൈവത്തിന്റെ കോപം ക്ഷണിച്ചുവരുത്തുന്നുവെങ്കിലും അതിലുപരിയാണ് മാനവരാശിയോടുള്ള ദൈവത്തിന്റെ കരുണയും കരുതലും.

## സന്ദേശം

മനുഷ്യജീവിതം പ്രതിസന്ധികളിലൂടെ യാത്ര തുടരുമ്പോഴും ദൈവത്തിന്റെ സാന്ത്വനം മനുഷ്യർക്ക് ലഭ്യമാണ്. യേശുവിന്റെ കഠിനമായ പ്രലോഭനവേളയിൽ മരുഭൂമിയിലെ വന്യമൃഗങ്ങളുടെ സാമീപ്യം അവിടുന്ന് അഭിമുഖീകരിക്കുന്ന പ്രതിസന്ധികളുടെ പ്രതീകമാകുമ്പോൾ, മരുഭൂമിയിലെ മാലാഖമാരുടെ സാന്നിധ്യം ആപത്ഘട്ടത്തിലെ ദൈവികശക്തിയുടെ പ്രതീകമായി നിലകൊള്ളുന്നു. നോമ്പുകാലത്തിന്റെ ആദ്യ ആഴ്ചയിൽ യേശു നേരിട്ട പ്രലോഭനങ്ങളുടെ ചിന്ത സഭാതനയർക്ക് നല്കുന്നത് തിന്മയുടെ ശക്തി എത്രകണ്ട് സജീവമായി നിലകൊള്ളുന്നുണ്ടെങ്കിലും അവയെയൊക്കെ ചെറുത്തുനില്ക്കാൻ ഉണർന്ന് പ്രാർത്ഥിക്കാനും പ്രവർത്തിക്കാനുമായുള്ള ആഹ്വാനമായാണ്.

**ഡോ. ലോറൻസ് കുലാസ്**

# പ്രസംഗം

## ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ

ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ; തിൻമയിൽനിന്നും ഞങ്ങളെ രക്ഷിക്കണമേ. പ്രലോഭനത്തെയും തിന്മയെയും അതിജീവിക്കാനുള്ള അനുഗ്രഹം യാചിച്ചുകൊണ്ടാണ് പ്രാർത്ഥന സമാപിക്കുന്നത്. എല്ലാം നന്നായിരിക്കുന്നു എന്നു ചിന്തിക്കുമ്പോഴും ജീവിതം മുന്നേറുന്നത് നന്മതിന്മകൾക്കിടയിലൂടെയാണ്. ഇരുളും വെളിച്ചവും ജീവിതത്തിന്റെ ഭാഗമാണ്. ആരാണ് അന്ധകാരത്തിൽ ആകുലപ്പെടാതെ ഇരിക്കുന്നത്? ആരാണ് വെളിച്ചത്തിൽ ആനന്ദിക്കാതിരിക്കുന്നത്? അന്ധകാരം ശാശ്വതമല്ല എന്ന് മിന്നാമിനുങ്ങിൻ വെട്ടം നമ്മെ ഓർമ്മിപ്പിക്കുന്നു. അതുപോലെ പരീക്ഷണങ്ങൾക്കും പരാജയങ്ങൾക്കും പ്രലോഭനങ്ങൾക്കും സ്ഥായിയായ സ്ഥാനം ജീവിതത്തിൽ ഇല്ല. ജീവിതം വിജയിക്കാനുള്ളതാണ്.

ദൈവം നമ്മെ പരീക്ഷിക്കുന്നില്ല. യാക്കോബ് എഴുതുന്നു: "പരീക്ഷിക്കപ്പെടുമ്പോൾ, താൻ ദൈവത്താലാണ് പരീക്ഷിക്കപ്പെടുന്നത് എന്ന് ഒരുവനും പറയാതിരിക്കട്ടെ. എന്തെന്നാൽ, ദൈവം തിന്മയാൽ പരീക്ഷിക്കപ്പെടുന്നില്ല, അവിടുന്ന് ആരെയും പരീക്ഷിക്കുന്നുമില്ല" (യാക്കോ 1 :13). മനുഷ്യസ്വഭാവത്തിൽ ഉൾച്ചേർന്നിരിക്കുന്ന ഉത്ഭവപാപത്തിന്റെ ഫലമായി അവൻ പ്രലോഭനങ്ങളിലേക്കും തിന്മയിലേക്കും ചാഞ്ഞിരിക്കുന്നുവെന്ന് പൗലോസും എഴുതു ന്നു: "നീതിമാനായി ആരുമില്ല, ഒരുവൻപോലുമില്ല." അതിനാൽ പ്രലോഭിക്ക പ്പെടുന്നില്ലെന്നും പരീക്ഷിക്കപ്പെടുന്നില്ലെന്നും ആരെങ്കിലും പറഞ്ഞാൽ അവ ൻ കളവ് പറയുന്നു എന്നു സാരം (1 യോഹ 1: 8). ജീവിതത്തിലെ കറുത്ത നിമിഷങ്ങളിൽ നഷ്ടധൈര്യരാകേണ്ട കാര്യമില്ല. കാരണം ഹെബ്രായ ലേഖകൻ എഴുതുന്നതുപോലെ, "അവൻ പീഡസഹിക്കുകയും പരീക്ഷിക്കപ്പെടുകയും ചെയ്തതുകൊണ്ട് പരീക്ഷിക്കപ്പെടുന്നവരെ സഹായിക്കാൻ അവനു സാധിക്കും." നമുക്ക് പരീക്ഷിക്കപ്പെട്ട ഒരു ദൈവമുണ്ട്. ഇന്നത്തെ സുവിശേഷം പ്രസ്തുത പ്രത്യാശയിലേക്കും ആത്മധൈര്യത്തിലേക്കും നമ്മെ നയിക്കുന്നു.

മർക്കോസ് എഴുതിയ യേശുവിന്റെ പ്രലോഭനവും തുടർന്നുള്ള ദൈവരാജ്യപ്രഘോഷണവുമാണ് ഇന്നത്തെ വചനഭാഗം. മത്തായി, ലൂക്കാ സുവിശേഷകന്മാർ നൽകുന്നതുപോലെ പ്രലോഭനങ്ങളുടെ വിവരണം മർക്കോസ് നൽകുന്നില്ല. രണ്ടു വാചകങ്ങളിലായി യേശുവിന്റെ പ്രലോഭനങ്ങളെ മർക്കോസ് ചുരുക്കുന്നു. ആത്മാവ് അവനെ മരുഭൂമിയിലേക്ക് നയിച്ചു എന്ന് മർക്കോസ് എഴുതുമ്പോൾ ഏത് ആത്മാവ് എന്ന ചോദ്യം തീർച്ചയായും മനസ്സിൽ ഉയരും. മഹാനായ ഗ്രിഗറി പാപ്പ അതിന് ഇങ്ങനെ ഒരു ഉത്തരം നൽകുന്നു: 'അവൻ അവന്റെ ആത്മാവാൽ നയിക്കപ്പെട്ടു' (Gregory Homily- 16 on the Gospels). അവിടെ പിശാച് അവനെ കണ്ടുമുട്ടി. മത്തായിയുടെ സുവിശേ

ഷത്തെ വ്യാഖ്യാനിക്കുമ്പോൾ വിശുദ്ധ ജറോം എഴുതുന്നു: 'അവിടുന്ന് പിടിക്കപ്പെട്ടവരെപോലെയല്ല നയിക്കപ്പെട്ടത്, മനസ്സില്ലാതെയുമല്ല. അവിടുന്ന് സ്വന്തം ആത്മാവാൽ നയിക്കപ്പെട്ടു.

എന്തുകൊണ്ട് യേശു പരീക്ഷണത്തിനു തയ്യാറായി? അതൊരു മാതൃകയാണ് എന്നാണ് ഹിപ്പോയിലെ മെത്രാനായ അഗസ്റ്റിൻ പഠിപ്പിക്കുന്നത്. 'അവന്റെ മാധ്യസ്ഥ്യത്താൽ പരീക്ഷണങ്ങളെ അതിജീവിക്കാൻ നമുക്ക് സാധിക്കുമെന്ന് അതുവഴി അവിടുന്ന് നമ്മെ ബോധ്യപ്പെടുത്തി. (Augustine Trinity iv, 13). വാക്കാൽ മാത്രമല്ല, ജീവിതമാതൃകയിലൂടെയും അവിടുന്ന് നമ്മെ ശക്തിപ്പെടുത്തുന്നു. പരീക്ഷണങ്ങൾക്കും പ്രലോഭനങ്ങൾക്കുമിടയിൽ ജീവിതം അവസാനിക്കുന്നില്ല; അത് വിജയിക്കാൻ ഉള്ളതാണ്. കാരണം മത്തായി എഴുതുന്നു: 'അപ്പോൾ പിശാച് അവനെ വിട്ടുപോയി.' പിശാച് പ്രലോഭനങ്ങളെല്ലാം അവസാനിപ്പിച്ച് അനിശ്ചിതകാലത്തേക്ക് അവനെ വിട്ടുപോയി' എന്ന് വി. ലൂക്കായും എഴുതുന്നു. എന്താണ് പ്രലോഭനങ്ങളുടെമേലുള്ള വിജയം നൽകുന്ന പാഠം? നമ്മൾ ശക്തരാണെന്നും ദൈവാത്മാവാൽ ബലപ്പെട്ടവരാണെന്നും വിജയം നമ്മെ പഠിപ്പിക്കുന്നു. അതിനാൽ ജീവിതത്തിലെ ഏതു പ്രതിസന്ധിക്കും ഒരു രൂപീകരണമൂല്യമുണ്ട്. (John Chrysostom, Homily 13 on Mathew).

പ്രലോഭനങ്ങൾ ബാഹ്യജീവിതത്തെ മാത്രമല്ല; ആന്തരികമനുഷ്യനെയും ബാധിക്കുന്നു. വിശ്വാസജീവിതത്തെ പരീക്ഷിക്കുന്നതോടൊപ്പം പാപം ചെയ്യാനും പ്രലോഭനം നമ്മെ നിർബന്ധിക്കുന്നു. പ്രലോഭനങ്ങൾക്കു മേലുള്ള വിജയപരാജയങ്ങൾ മനുഷ്യന്റെ മനോഭാവത്തെയും ആഭിമുഖ്യങ്ങളെയും വെളിവാക്കുന്നു. ദൈവദൂതൻമാർ അവനെ ശുശ്രൂഷിച്ചു എന്ന് മർക്കോസ് എഴുതുമ്പോൾ പിതാവുമായുള്ള മുറിയപ്പെടാത്ത ബന്ധത്തെയാണ് വെളിവാക്കുന്നത്. പ്രലോഭനങ്ങളെയും പരീക്ഷണങ്ങളെയും അതിജീവിക്കാൻ മനുഷ്യർക്ക് സാധിക്കുന്നത് ദൈവവുമായി അടുത്തു നിൽക്കുമ്പോൾ മാത്രമാണ്.

ദൗത്യം ആരംഭിക്കുന്ന യേശുവിനെയും ഇന്നത്തെ സുവിശേഷം അവതരിപ്പിക്കുന്നു. "സമയം പൂർത്തിയായി ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ." നാലു കാര്യങ്ങൾ പ്രസ്തുത വാചകം ഓർമിപ്പിക്കുന്നു. സമയം പൂർത്തിയായി, അനുതപിക്കുക, വിശ്വസിക്കുക, ദൈവരാജ്യം സമീപിച്ചിരിക്കുന്നു. ഹെബ്രായലേഖകൻ എഴുതുന്നു: "എന്നാൽ, ഈ അവസാനനാളുകളിൽ തന്റെ പുത്രൻവഴി അവിടുന്ന് നമ്മോട് സംസാരിച്ചിരിക്കുന്നു." പൂർവകാലങ്ങളിൽ പ്രവാചകന്മാർ വഴി വിവിധഘട്ടങ്ങളിലും വിവിധ രീതികളിലും ദൈവം സംസാരിച്ചത് ഓർമിച്ചതിനുശേഷമാണ് ലേഖകൻ മേലുദ്ധരിച്ച വാചകം എഴുതുന്നത്. എല്ലാ പ്രവചനങ്ങളും ക്രിസ്തുവിൽ പൂർത്തീകരിക്കപ്പെട്ടിരിക്കുന്നു. പൗലോസ് എഴുതുന്നതുപോലെ "ദൈവത്തിന്റെ സകല വാഗ്ദാനങ്ങളും ക്രിസ്തുവിൽ അതേ എന്നുതന്നെ"

(2കോറി 1:20). "ഇതാ ഇപ്പോൾ രക്ഷയുടെ ദിവസം ഇതാ ഇപ്പോൾ സ്വീകാര്യമായ സമയം" (2 കോറി 6 :2) എന്നും പൗലോസ് എഴുതുന്നു. "വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു" എന്നു യോഹന്നാൻ എഴുതുമ്പോൾ സാക്ഷാത്കരിക്കപ്പെട്ട വാഗ്ദാനത്തെയാണ് ഓർക്കുന്നത്. അതുവഴി ഒരു പുതിയ ക്രമം ലോകത്ത് സംജാതമായിരിക്കുന്നു പൊട്ടിപ്പോയ ദൈവമനുഷ്യബന്ധത്തെ വിളക്കിച്ചേർക്കാൻ അതിൽ മനുഷ്യനെ വളർത്താൻ പൂർണതയിലെത്തിക്കാൻ ക്രിസ്തുവിൽ പുതിയ പദ്ധതി ഇതാ സംജാതമായിരിക്കുന്നു. ദൈവം നമ്മോടുകൂടെ അവന്റെ നാമം അല്ലാതെ മറ്റൊരു നാമം നമുക്ക് ഇനിയില്ല.

ദൈവരാജ്യം സമീപിച്ചിരിക്കുന്നു എന്നാണ് യേശു പ്രസംഗിക്കുന്നത്. മർക്കോസിന്റെ സുവിശേഷത്തിൽ 20 പ്രാവശ്യം ഉപയോഗിച്ചിരിക്കുന്ന ഈ പദത്തെ യേശുവും ദൈവരാജ്യവും തമ്മിൽ വ്യത്യാസമില്ല എന്ന രീതിയിൽ നമ്മൾ മനസ്സിലാക്കണം. ദൈവരാജ്യം യേശുവിന്റെ വ്യക്തിത്വവുമായും അവിടുത്തെ പ്രവർത്തനങ്ങളുമായും ബന്ധപ്പെട്ടിരിക്കുന്നു. അവന്റെ രാജ്യത്തിലേക്ക് പ്രവേശിക്കുക എന്നാൽ അവന്റെ പ്രബോധനങ്ങളുമായി അടുത്ത ബന്ധം സ്ഥാപിക്കുക എന്നാണ്. അവന്റെ നിയമം നമ്മുടെ ഹൃദയങ്ങളിൽ എഴുതുക എന്നാണ്. ഇവിടെയാണ് മർക്കോസ് എഴുതുന്ന 'അനുതപിക്കുക' എന്ന പദത്തിന്റെ അർത്ഥം വ്യക്തമാകുന്നത്. Metanoia എന്ന പദത്തെ relationship എന്ന് വ്യാഖ്യാനിക്കാനാണ് എനിക്കിഷ്ടം. നഷ്ടപ്പെട്ട ബന്ധത്തെ വിളക്കിച്ചേർക്കുന്ന മനോഭാവമാണ് മാനസാന്തരം. അവിടെ ആത്മാവിന്റെ ഫലങ്ങളാൽ (ഗലാ 5:22–23) ഒരുവൻ നിറയപ്പെടുന്നു. മാംസമായ ദൈവം നമ്മോടുകൂടെയാണ്. അവനാൽ നമ്മൾ ഭരിക്കപ്പെടണം. അതാണ് ദൈവരാജ്യ അനുഭവം; അതാണ് മാനസാന്തരം. അതിലേക്കുള്ള വഴിയാണ് വിശ്വാസം. അതാകട്ടെ ദൈവത്തിലുള്ള ഒരാളുടെ പൂർണസമർപ്പണവും. അബ്രഹാംമുതൽ നമ്മൾ അത് കാണുന്നു. പത്രോസിന്റെ ചോദ്യം ഇവിടെ പ്രസക്തമാണ്. "കർത്താവേ ഞങ്ങൾ ആരുടെ അടുത്തേക്ക് പോകും?" യേശു നമുക്ക് ഇന്ന് നല്ലപാഠം നൽകുന്നു: ദൈവം നമ്മെ സ്നേഹിക്കുന്നു. സ്വഭാവത്താൽ നമ്മൾ ബലഹീനരാകയാൽ ദൈവത്തെ അനുഭവിക്കാൻ ക്രിസ്തു മാത്രമാണ് മാർഗം. അവന്റെ വാക്കുകൾക്കനുസരിച്ച് ജീവിതത്തെ ചിട്ടപ്പെടുത്തുന്നതാണ് മാനസാന്തരം. അത് നൽകുന്ന ആനന്ദം മറ്റെന്തിനെക്കാളും വിലപ്പെട്ടതാണ്. ഇവിടെ ആരംഭിക്കുകയും ദൈവഭവനത്തിൽ അത് പൂർണമാകുകയും ചെയ്യും.

**ഡോ. അഗസ്റ്റിൻ കടേപ്പറമ്പിൽ**

# ഫെബ്രുവരി 28
# തപസ്സുകാലം 2-ാം ഞായർ

## ഭാഷ്യം

### ഉത്പ 22:1-2,9a,10-13,15-18; റോമാ 8:31b-34;
### മർക്കോ 9:2-10

## സന്ദർഭം

മർക്കോസിന്റെ സുവിശേഷത്തിന്റെ ഘടനയിലും വികാസത്തിലും പത്രോസിന്റെ വിശ്വാസപ്രഖ്യാപനത്തിനു (8:27-30) വലിയ പ്രാധാന്യമുണ്ട്. സുവിശേഷത്തിന്റെ ഒന്നാം ഭാഗത്തെയും (1:1-8:26) രണ്ടാം ഭാഗത്തെയും (8:31-16:8) തമ്മിൽ കൂട്ടിയിണക്കുന്ന പ്രധാനകണ്ണിയായി ഇതു നിലകൊള്ളുന്നു. പത്രോസിന്റെ വിശ്വാസപ്രഖ്യാപനം കഴിഞ്ഞയുടനെ യേശു തന്റെ പീഡാനുഭവത്തെയും ഉത്ഥാനത്തെയുംകുറിച്ച് നല്കുന്ന പ്രബോധനത്തിലാണ് ഈ പുതിയ ലക്ഷ്യം വ്യക്തമാകുന്നത്. പീഡാനുഭവത്തെയും ഉത്ഥാനത്തെയും കുറിച്ചുള്ള ഒന്നാമത്തെ പ്രബോധനം (8:31-9:1) കഴിഞ്ഞയുടൻ മർക്കോസ് യേശുവിന്റെ രൂപാന്തരീകരണം വിവരിക്കുന്നു. അതിനുശേഷവും തന്റെ ഉത്ഥാനത്തെക്കുറിച്ചും (9:9) പീഡാനുഭവത്തെക്കുറിച്ചും (9:12) യേശു സംസാരിക്കുന്നുണ്ട്. രൂപാന്തരീകരണത്തിന് യേശുവിന്റെ പീഡാനുഭവത്തെയും ഉത്ഥാനത്തെയും കുറിച്ചുള്ള പ്രബോധനങ്ങളോടു ബന്ധമുണ്ടെന്നാണ് മർക്കോസ് കരുതുന്നത്.

## സാരം

1. രൂപാന്തരീകരണസംഭവം ധ്യാനിക്കുമ്പോൾ ആദ്യമായി ചിന്തയിൽ വരുന്നത് ഒട്ടേറെ പഴയനിയമകഥകളാണ്. ഒന്ന്, ദാനിയേൽ പ്രവചനത്തിലെന്നപോലെ (ദാനി 7:9, 12:3) 'വെണ്മയും തിളക്കവുമാർന്ന വസ്ത്രം' (9:3) ഭൂമിക്കതീതമായ സ്വർഗീയജീവന്റെ അടയാളമാണ്. രണ്ട്, മല, മേഘം, സ്വർഗീയസ്വരം എന്നിവ (9:2-3). പുറപ്പാട് സംഭവത്തിൽ മോശ മലമുകളിൽ കയറുന്നതും മേഘം ആവരണം ചെയ്യുന്നതും ദൈവത്തിന്റെ മഹത്ത്വം ഇറങ്ങിവ

രുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു (പുറ 24:15–18). മൂന്ന്, യേശുവിനോട് സംവദിക്കുന്ന മോശയും ഏലിയായും പഴയനിയമ സൂചനകളനുസരിച്ച് ഉടലോടെ എടുക്കപ്പെട്ടവരാണ്: മോശയെ അടക്കം ചെയ്ത സ്ഥലം അജ്ഞാതമായി നിലനില്ക്കുന്നു (നിയ 34:5–8); ഏലിയാ യാത്രാവേളയിൽ രഥത്തോടൊപ്പം സ്വർഗത്തിലേക്ക് എടുക്കപ്പെട്ടു (2 രാജാ 2:1–11). നാല്, രൂപാന്തരീകരണരംഗത്ത് പത്രോസ് സൂചിപ്പിക്കുന്ന 'മൂന്ന് കൂടാരങ്ങൾ' (9:5) യഹൂദരുടെ കൂടാരതിരുനാളിനെ ഓർമപ്പെടുത്തുന്നു.

2. കേസറിയ ഫിലിപ്പിയിലെ പത്രോസിന്റെ വിശ്വാസപ്രഖ്യാപനവും (8:27–30) തുടർന്നുണ്ടായ യേശുവിന്റെ പീഡാനുഭവ-ഉത്ഥാന പ്രവചനവും (8:31–9:1) നടന്നിട്ട് 'ആറു ദിവസം കഴിഞ്ഞ്' ആണ് യേശുവിന്റെ രൂപാന്തരീകരണസംഭവം ഉണ്ടാകുന്നത്. വിശ്വാസപ്രഖ്യാപനത്തിലും പീഡാനുഭവ- ഉത്ഥാന പ്രവചനത്തിലും ഉൾക്കൊള്ളുന്ന ക്രിസ്തുവിജ്ഞാനീയ ഘടകങ്ങൾ രൂപാന്തരീകരണ സംഭവത്തിലും പ്രകടമാണ്. ഒന്ന്, യേശു ക്രിസ്തുവാണെന്ന് പത്രോസ് പ്രഖ്യാപിച്ചു (8:29). യേശു ക്രിസ്തുവാണെന്ന സ്ഥാനം 'ഇവൻ എന്റെ പ്രിയപുത്രൻ' എന്ന ദൈവീകസാക്ഷ്യത്തിലൂടെ സ്ഥിരീകരിക്കപ്പെടുന്നു (9:7). രണ്ട്, പീഡാനുഭവ-ഉത്ഥാന പ്രവചനം ഉൾക്കൊള്ളാൻ കഴിയാതിരുന്ന ശിഷ്യരോട് താൻ പിതാവിന്റെ മഹത്ത്വത്തിൽ വീണ്ടും എഴുന്നള്ളുമെന്ന് മുന്നറിയിപ്പ് നല്കുന്നുണ്ട് (8:38). ഈ സത്യം രൂപാന്തരീകരണവേളയിൽ യേശുവിന്റെ വസ്ത്രം 'ഏറ്റവും വെണ്മയേറിയതും തിളക്കമാർന്നതും ആയതിലൂടെ' (9:3) മുന്നനുഭവിക്കപ്പെടുന്നു. മൂന്ന്, യേശു ക്രിസ്തുവാണെന്ന പത്രോസിന്റെ പ്രഖ്യാപനം മറ്റാരോടും പറയരുതെന്ന് യേശു നിഷ്കർഷിക്കുന്നു (8:30). ഈ താക്കീത് രൂപാന്തരീകരണത്തിന് സാക്ഷ്യം വഹിച്ച മൂന്ന് ശിഷ്യർക്കും നല്കുന്നു (9:9). അപ്രകാരം ക്രിസ്തുവെന്ന സ്ഥാനം പീഡാനുഭവവും ഉത്ഥാനവും തുടർന്നുള്ള മഹത്വീകരണവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് മർക്കോസ് സുവിശേഷകൻ പറയാൻ ആഗ്രഹിക്കുന്നു.

3. യേശുവിന്റെ രൂപാന്തരീകരണത്തിന് സാക്ഷികളാകാൻ കഴിഞ്ഞത് മൂന്ന് ശിഷ്യർക്കാണ്: പത്രോസ്, യാക്കോബ്, യോഹന്നാൻ. യേശുവിന്റെ പരസ്യജീവിതത്തിലെ മറ്റ് പല സുപ്രധാന നിമിഷങ്ങളിലും ഇവർ മൂവർക്കും പ്രത്യേക പരിഗണന ലഭിക്കുന്നതായി മർക്കോസ് എഴുതിയ സുവിശേഷത്തിൽ കാണുന്നു. ജായ്റോസിന്റെ മകളെ ഉയിർപ്പിക്കുന്ന സംഭവത്തിൽ ഇവർ സന്നിഹിതരായിരുന്നു (5:37). ഇവർതന്നെയാണ് ഗത്സെമനിയിലെ കഠിനവ്യഥയിൽ സമീപത്തുണ്ടായിരുന്നത് (14:33). ജായ്റോസിന്റെ മകളുടെ ഉയിർപ്പിലും രൂപാന്തരീകരണത്തിലും യേശുവിലെ ദൈവീകശക്തിയും മഹത്ത്വവും സ്പഷ്ടമാണെങ്കിലും അത് ഗ്രഹിക്കാനുള്ള സവിശേഷ ബുദ്ധി ഈ മൂന്ന് പേർക്ക് പോലും ഇല്ലായിരുന്നുവെന്നും മർക്കോസ് പറഞ്ഞുവയ്ക്കാൻ ശ്രമിക്കുന്നു. കാരണം, പത്രോസ് യേശുവിന്റെ പീഡാനുഭവത്തെ നിരാകരിക്കുന്നു (8:33);

യാക്കോബും യോഹന്നാനും പിൽകാലത്ത് അവർക്ക് ലഭിക്കേണ്ടിയിരുന്ന സ്ഥാനങ്ങളെക്കുറിച്ച് തർക്കിക്കുന്നു (10:35–37); അവർക്ക് ഗത്സെമനിയിലെ യേശുവിന്റെ കഠിനവ്യഥയിൽ ഉണർന്നിരിക്കാൻ കഴിയാതെവരുന്നു (14:33–41). ശിഷ്യരുടെ ഈ വീഴ്ചകളിൽ യേശുവിന്റെ ക്രിസ്തുത്വത്തിലുള്ള അവരുടെ വിശ്വാസം ഉറപ്പിക്കാനും ദൈവഹിതപ്രകാരമുള്ള അവിടുത്തെ പീഡാനുഭവത്തിൽ പങ്കുചേരാനുമാണ് രൂപാന്തരീകരണത്തിലെ ദൈവീകസ്വരം – 'ഇവനെ ശ്രവിക്കുക' – ഇവർക്ക് ലഭിക്കുന്നതെന്ന് മർക്കോസ് വിവക്ഷിക്കുന്നു.

4. മലയിലെ മഹത്ത്വമേറിയ സ്വർഗീയാനുഭവങ്ങൾക്ക് ശേഷം ഇറങ്ങിവരുമ്പോഴുള്ള യേശുവിന്റെയും ശിഷ്യരുടെയും സംഭാഷണത്തിൽ പീഡാനുഭവത്തിന്റെ ആവശ്യകത ഒരിക്കൽകൂടി മുഴങ്ങുന്നു: "മരിച്ചവരിൽനിന്ന് ഉയിർപ്പിക്കുന്നതുവരെ ആരോടും പറയരുത്" (9: 9). മരണം കഴിഞ്ഞുള്ള ഉത്ഥാനത്തെക്കുറിച്ച് മുമ്പും യേശു ശിഷ്യരെ അറിയിച്ചിട്ടുണ്ട് (9:31). രൂപാന്തരീകരണത്തിൽ ദർശിക്കുന്ന മഹത്ത്വം പീഡാനുഭവത്തിന്റെ അനന്തരഫലമാണെന്ന് മർക്കോസിന്റെ ആദ്യവായനക്കാർക്ക് ഗ്രഹിക്കാൻ കഴിയുന്നു. ഈ പീഡാനുഭവും മഹത്ത്വവും അവരുടെ ജീവിതപശ്ചാത്തലവുമായി ബന്ധപ്പെട്ടതായിരുന്നു. അവരനുഭവിച്ചിരുന്ന പീഡനങ്ങളുടെ ഒടുവിൽ അവർക്ക് ലഭിക്കാനിരിക്കുന്ന മഹത്ത്വം ഏറെ പ്രത്യാശ നല്കുന്ന ഒന്നായിരുന്നുവെന്നും പീഡകരേക്കാൾ മഹോന്നതനാണ് യേശുവെന്നും അവർ വിശ്വസിച്ചിരുന്നു.

5. ദൈവം അബ്രാഹത്തെ പരീക്ഷിക്കുന്നത് അബ്രാഹം നേരിട്ട പരീക്ഷകളിൽ ഏറ്റവും കഠിനവും തീവ്രവുമാണ്. പഞ്ചഗ്രന്ഥിയിൽതന്നെ ദൈവം ഒറ്റപ്പെട്ടൊരു വ്യക്തിയെ പരീക്ഷിക്കുന്നത് ഇവിടെ മാത്രമാണ്. മറ്റ് പലയിടങ്ങളിലും ദൈവം പരീക്ഷിക്കുന്നത് ഇസ്രായേലിനെയാണ് (പുറ 15:25, 16:4, നിയ 2,16:13:4; 33:8). കടിഞ്ഞൂൽ പുത്രന്മാർ ദൈവത്തിന് സമർപ്പിക്കപ്പെട്ടവരാണ് (പുറ 13:11–16; 34:19 –20). എന്നാൽ പകരമായുള്ള മറ്റൊരു ബലിയർപ്പിച്ച് ആദ്യജാതരെ ഇസ്രായേല്യർ വീണ്ടെടുത്തിരുന്നു. ഒരു മൃഗത്തെ ബലിയർപ്പിച്ച് ആദ്യജാതനെ വീണ്ടെടുക്കുന്നതിന് ദൈവം അബ്രാഹത്തെ എങ്ങനെ പ്രേരിപ്പിച്ചുവെന്ന് ഈ സംഭവം സൂചന നല്കുന്നു. അബ്രഹാമിന്റെ ബലിയുടെ ചരിത്രപശ്ചാത്തലം ഇതാണെങ്കിലും ദൈവഹിതത്തോടുള്ള സമ്പൂർണസഹകരണത്തിന്റെ പ്രതീകമായി ഈ സംഭവം മാറുന്നു. ദൈവത്തിന്റെ വാഗ്ദാനത്തിലൂടെ ലഭിച്ച തന്റെ എല്ലാ പ്രതീക്ഷയുമായ ഏകമകനെ ബലി അർപ്പിക്കാൻ ആവശ്യപ്പെടുമ്പോൾ അബ്രഹാം ദൈവഹിതത്തിന് തന്നെത്തന്നെ സമർപ്പിക്കുന്നു. സർവവും ദൈവസമക്ഷം ഭരമേല്പ്പിക്കുന്ന അബ്രാഹം. മാലാഖയുടെ സ്വരത്തിലുള്ള ദൈവവിളി അബ്രഹാത്തിന്റെ പൂർണ അനുസരണത്തെ പ്രതിധ്വനിപ്പിക്കുന്നു.

## സന്ദേശം

മനുഷ്യജീവിതത്തിൽ മഹത്ത്വത്തെ സഹനങ്ങളിൽനിന്ന് അടർത്തിമാറ്റാനാകില്ല. സഹനവും മഹത്വവും പരസ്പരപൂരകങ്ങളായി നിലകൊള്ളുന്നു. മോറിയാമലയിലെ പരീക്ഷണത്തിന്റെ അന്ത്യം വലിയൊരു പ്രത്യാശയിലേയ്ക്കാണ് അബ്രഹാമിനെ നയിക്കുന്നത്. പീഡാനുഭവത്തെക്കുറിച്ചുള്ള പ്രവചനം പരിണമിക്കുന്നത് മഹത്ത്വത്തിന്റെ രൂപാന്തരീകരണത്തിലാണ്. മേലുദ്ധരിച്ചതെല്ലാം വിരൽചൂണ്ടുന്നത് സഹനമില്ലാതെ മഹത്ത്വമില്ലെന്ന സത്യത്തിലേയ്ക്കാണ്.

**ഡോ. ലോറൻസ് കുലാസ്**

---

# പ്രസംഗം

## നീ ക്രിസ്തുവിന് പ്രിയപ്പെട്ടവനോ?

മർക്കോസിന്റെ സുവിശേഷത്തിന്റെ ലക്ഷ്യം യേശു ദൈവപുത്രനാണ് എന്ന് ലോകത്തെ മനസ്സിലാക്കിക്കൊടുക്കുക എന്നതാണ്. "ദൈവപുത്രനായ യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ ആരംഭം" എന്നാണ് സുവിശേഷം ആരംഭിക്കുന്നത്തന്നെ. കർത്താവിന്റെ ജ്ഞാനസ്നാനത്തിലൂടെ പിതാവായ ദൈവം ദൈവപുത്രനാണ് എന്ന് യേശു വെളിപ്പെടുത്തി. ഇന്നത്തെ സുവിശേഷത്തിലൂടെ യേശുവിന്റെ ശിഷ്യന്മാരെ ബോധ്യപ്പെടുത്തുകയാണ് യേ ശു ദൈവപുത്രനാണ് എന്ന്. യേശുവിന്റെ രൂപാന്തരീകരണം നമുക്ക് നൽകുന്ന ഏതാനും ചിന്തകൾ ഇവയാണ്.

1. യേശു തന്റെ പരസ്യജീവിതം ആരംഭിക്കുന്നത് താൻ പോകാനുദ്ദേശിച്ചിരുന്ന ഇടങ്ങളിലേക്ക് അയക്കപ്പെടാനായി 72 പേരെ തിരഞ്ഞെടുത്തുകൊണ്ടാണ്. ഏകാന്തതയിൽ പിതാവായി സംഭാഷിച്ച് അവൻ വീണ്ടും 12 പേരെ തിരഞ്ഞെടുക്കുന്നു. ആ 12 പേരിൽനിന്നും വീണ്ടും യേശു 3 പേരെ (പത്രോസ്, യാക്കോബ്, യോഹന്നാൻ) അവന്റെ ജീവിതത്തിലെ പ്രധാനസംഭവങ്ങളിലെല്ലാം കൂടെകൂട്ടുന്നു. യോഹന്നാന്റെ സുവിശേഷത്തിൽ വീണ്ടും തനിക്ക് ഇഷ്ടമുള്ള പ്രിയശിഷ്യനായി ഒരാളെമാത്രം അവന്റെ ഹൃദയത്തുടിപ്പിന്റെ താളങ്ങൾ കേൾക്കാൻ നെഞ്ചോടുചേർത്തുപിടിക്കുന്നു. 72-ൽ തുടങ്ങി ഒരാളിൽ അവസാനിക്കുന്ന യാത്ര. താബോർമലയിലെ രൂപാന്തരീകരണത്തിൽ തനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട മൂന്ന് പേരെയാണ് യേശു കൂട്ടിക്കൊണ്ടുപോകുന്നത്. ഈ

Date of Publication: 13 January 2021 / Karunikan RNI No. KERMAL/2007/19623.
Registration No.KL/EKM/ 729/ 2018-20, KL/CR/EKM/WPP-13/2018-2020 (Page 94)

രൂപാന്തരീകരണം നമുക്ക് മുന്നിൽ വയ്ക്കുന്ന ആദ്യത്തെ ചോദ്യം "നീ ക്രിസ്തുവിന് പ്രിയപ്പെട്ടവനാണോ? നീ യേശുവിൽനിന്നും 72 പേരുടെ വിദൂരതയിലാണോ അതോ ചങ്കോട് ചേർക്കുന്ന ഒരാളുടെ സാമീപ്യത്തിലാണോ?

2. താബോർമലയിൽവച്ച് മിന്നിത്തിളങ്ങുന്ന യേശുവിന്റെ പ്രാഭവംകണ്ട് പത്രോസ് പറഞ്ഞു: "നാം ഇവിടെ ആയിരിക്കുന്നത് നന്ന്"എന്ന്. മാത്രമല്ല, ഉടനെതന്നെ പത്രോസ് മൂന്ന് കൂടാരങ്ങൾ ഉണ്ടാക്കുന്നതിനെക്കുറിച്ചും പറയുന്നു. സന്തോഷത്തിന്റെ, മഹിമയുടെ നിമിഷങ്ങൾ നീട്ടിക്കൊണ്ടുപോകാൻ പത്രോസ് ആഗ്രഹിക്കുന്നു. പ്രാർത്ഥനയുടെ നിറവിൽ, അനുഗ്രഹത്തിന്റെ നിറവിൽ ജീവിതത്തിന്റെ സന്തോഷവും ഐശ്വര്യവും ദൈർഘ്യമുള്ളതാകാൻ പത്രോസിനെപ്പോലെ നമ്മളും ആഗ്രഹിക്കുന്നു. എന്നാൽ ജീവിതത്തിലെ സന്തോഷവും ദുഃഖവും ആഹ്ലാദവും നൊമ്പരവുമെല്ലാം ക്ഷണികമാണെന്നും എന്നും നിത്യമായി നിലനിൽക്കുന്നത് അവിടുത്തെ വചനമാണെന്നും ഈ രൂപാന്തരീകരണം നമ്മെ ഓർമിപ്പിക്കുന്നു. അതുകൊണ്ടുതന്നെ പിതാവായ ദൈവം പറയുന്നു: "ഇവനെ ശ്രവിക്കുവിൻ" നീ ക്രിസ്തുവിന് പ്രിയപ്പെട്ടവനാണോ?

3. രൂപാന്തരീകരണത്തിന് ഒടുവിലായി നാം വായിക്കുന്നത് "അവർ യേശുവിനെമാത്രം കണ്ടു" എന്നാണ്. ഏത് സാഹചര്യങ്ങളിലും ഏത് വ്യക്തിബന്ധങ്ങളിലും യേശുവിനെ മാത്രം കാണാനായി ഇനിയും നമ്മുടെ മിഴികൾ തുറക്കപ്പെടേണ്ടതുണ്ട് എന്ന് ഈ സുവിശേഷഭാഗം നമ്മെ സൗമ്യമായി ഓർമപ്പെടുത്തുന്നു. പലപ്പോഴും അപ്രതീക്ഷിതമായി ജീവിതത്തിൽ നേരിടുന്ന തിരിച്ചടികളും ദുരന്തങ്ങളും രോഗവും നൈരാശ്യത്തിന്റെ കരിമ്പടമായി നമ്മെ പൊതിയുമ്പോൾ പ്രത്യാശയുടെ പ്രകാശമായി എല്ലാറ്റിനും പിന്നിൽ യേശു ഉണ്ടെന്നും അവനെമാത്രം കാണാനാകണമെന്നും ഈ രൂപാന്തരീകരണം നമ്മോട് ആഹ്വാനം ചെയ്യുന്നു. എല്ലാത്തിനും പിന്നിൽ യേശുവിനെ കാണുന്നവനെ അവന്റെ ഹൃദയരഹസ്യങ്ങൾ അവൻ വെളിപ്പെടുത്തുംവിധം അവന് പ്രിയപ്പെട്ടവനായ് മാറും. നീ ക്രിസ്തുവിന് പ്രിയപ്പെട്ടവനാണോ? ഈയൊരു ചിന്തയെ മനസ്സിൽ സൂക്ഷിച്ച് അവനു പ്രിയപ്പെട്ടവനായി മാറാൻ നമുക്ക് പരിശ്രമിക്കാം.

**ഫാ. ഡൈനിഷ് ofm**

*Printed & Published by Fr. Jacob Naluparayil, Edited by Fr. Joy Chencheril, MCBS House, Perumanoor P.O, Kochi -15, Printed at Viani Printings, Kochi*